# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ:ശ്രീമതി.കെ.ബി. വത്സലകുമാരി)**

വിഷയം :- കുടുംബശ്രീ - സൂഷ്മ സംരംഭങ്ങൾക്ക് വ്യവസ്ഥാപിത പിന്തുണാ സംവിധാനം - മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ് ഗ്രൂപ്പ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുതുക്കി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ് നമ്പർ KS.D/387/2011 തീയതി 04.01..2014**

കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾക്ക് വ്യവസ്ഥാപിത പിന്തുണാ സംവിധാനം - മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ് ഗ്രൂപ്പ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുതുക്കി അംഗീകരിച്ച് ഉത്തരവാകുന്നു. പ്രസ്തുത മാർഗ്ഗ നർദ്ദേശം ഇതോടൊപ്പം ചേർത്തിട്ടുണ്ട്. ഈ മാർഗ്ഗനിർദ്ദേശം നിലവിൽ വരുന്നതോടെ ഈ വിഷയത്തിൽ മുൻപ് ഇറങ്ങിയിട്ടുള്ള ഉത്തരവുകളും നിർദ്ദേശങ്ങളും ഇല്ലാതാകുന്നതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

**എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും**

പകർപ്പ്

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. ശേഖരണ ഫയൽ/കരുതൽ

**അംഗീകാരത്തോടെ,**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

F.C.D
22/01/14

# കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾക്ക് വ്യവസ്ഥാപിത പിന്തുണാ സംവിധാനം – എം.ഇ.സി ഗ്രൂപ്പ് രൂപീകരണ – പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ

## 1. ആമുഖം

സൂക്ഷ്മ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും കുടുംബശ്രീ സംരംഭകർക്ക് തങ്ങളുടെ പ്രവർത്തന മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നതിന് ആവശ്യമായ പിന്തുണാ സഹായം ലഭ്യമാക്കുന്നതിനുമുള്ള നിരവധി പ്രവർത്തനങ്ങൾ കുടുംബശ്രീമിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്. ഉപഭോക്താക്കളുടെ ആവശ്യത്തിനും അഭിരുചിക്കുമനുസൃതമായി ഗുണമേന്മയുള്ളതും മായം കലരാത്തതുമായ ഉൽപ്പന്നങ്ങൾ സമയബന്ധിതമായി ഉത്പാദിപ്പിക്കുക, ഉപഭോക്താക്കളുടെ ആവശ്യത്തിനും വിപണിക്കും അനുസൃതമായ മാറ്റങ്ങൾ യഥാസമയം സംരംഭത്തിൽ സ്വീകരിക്കുക, സംരംഭകർക്ക് ആവശ്യമായ വൈദഗ്ധ്യ വികസനവും സാങ്കേതിക പിന്തുണയും നൽകുന്നതിനുള്ള ക്രമീകരണങ്ങൾ തുടങ്ങിയവ ഇതിനകം ആവിഷ്കരിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. സേവനമേഖലയിലും സംരംഭങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ കുടുംബശ്രീ സംരംഭകർക്ക് മികച്ച വരുമാനം നേടുന്നതിനും സംരംഭങ്ങളുടെ നിലനിൽപ്പിനോടൊപ്പം സംരംഭങ്ങൾക്ക് വളർച്ച കൈവരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട് എന്നാണ് അനുഭവങ്ങൾ വ്യക്തമാക്കുന്നത്.

സംരംഭകർക്ക് ആവശ്യമായ സാങ്കേതിക–വൈദഗ്ധ്യ സഹായം ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള സാമൂഹ്യ പിന്തുണാ സംവിധാനമാണ് മൈക്രോ എന്റർപ്രൈസ് കൺസൽട്ടന്റ്മാർ (എം.ഇ.സി.). സംരംഭ സാധ്യത കണ്ടെത്തൽ, പ്രോജക്ട് തയ്യാറാക്കൽ, സംരംഭം ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളിൽ സഹായം നൽകൽ തുടങ്ങി സംരംഭ വികസനം മുതൽ വിപണി കണ്ടെത്തലും ഉത്പ്പന്ന വൈവിധ്യവത്ക്കരണം ഉൾപ്പെടെ സംരംഭങ്ങൾക്കാവശ്യമായ സാങ്കേതിക–ഭരണപരമായ പിന്തുണകൾ നൽകാൻ പാകത്തിൽ മികച്ച പരിശീലനങ്ങൾ നൽകിയാണ് എം.ഇ.സി.മാരെ നിയോഗിച്ചിട്ടുള്ളത്. ഇതിനായി അഹമ്മദാബാദ് കേന്ദ്രീകരിച്ചുള്ള ഇ.ഡി.ഐ.ഐ.യുടെ സംരംഭകത്വ വികസനം ട്രേഡ്ക്രാഫ്റ്റ് യു.കെ.യുടെ ബിസിനസ് കൗൺസിലിംഗ് തുടങ്ങിയ പരിശീലനങ്ങൾ എം.ഇ.സി.മാർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

ഇവയ്ക്കു പുറമേ, ചെറുകിട സംരംഭങ്ങളുടെ പ്രശ്നങ്ങൾ പഠിച്ച് അവയ്ക്കു വേണ്ടുന്ന സഹായങ്ങൾ ചെയ്ത് സംരംഭം ലാഭകരമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ആവശ്യമായ അറിവ് പ്രദാനം ചെയ്യുന്ന മാനേജ്മെന്റ് ട്രെയിനിംഗ് സംസ്ഥാനത്തുടനീളമുള്ള എം.ഇ.സി.മാരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 33 പേർക്ക് ആന്ധ്രാപ്രദേശിൽ നിന്നുള്ള തിംബക്തുവിന്റെ 'ക്രീം' എന്ന പരിശീലന പരിപാടിയിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി ക്രീം പരിശീലനം നേടിയ എം.ഇ.സി.മാരെ ഫാക്കൽറ്റിയായി ഉപ യോഗിച്ച് ജില്ലാ മിഷന്റെയും സംസ്ഥാന മിഷന്റെയും നേതൃത്വത്തിൽ ജില്ലകളിലെ 250 ഓളം എം.ഇ.സിമാർക്ക് 'ടീം' എന്ന പേരിൽ മേൽപ്പറഞ്ഞ മാനേജ്മെന്റ് തത്വങ്ങൾ പകർന്നു നൽകാൻ സാധിച്ചിട്ടുണ്ട്. നിലവിൽ, പരിശീലനം സിദ്ധിച്ച 240–ഓളം എം.ഇ.സി.മാർ 14 ജില്ലകളിലായി കുടുംബശ്രീ സംവിധാനത്തിലുണ്ട്.

2004 മുതൽ 2011 വരെ വ്യക്തിഗത രീതിയിലാണ് എം.ഇ.സിമാർ പ്രവർത്തിച്ചി രുന്നത്. 2010–11 കാലയളവിൽ എം.ഇ.സി സംവിധാനത്തെ സ്ഥാപനവത്ക്കരിക്കുന്ന തിനുള്ള നടപടികൾ കുടുംബശ്രീ മിഷൻ കൈക്കൊണ്ടതിന്റെ അടിസ്ഥാനത്തിൽ കെ.എസ്/ഡി/2118/2011, തീയതി 06.05.2011 നമ്പർ കുടുംബശ്രീ ഉത്തരവ് പ്രകാരം എം.ഇ.സി ഗ്രൂപ്പ് സംരംഭങ്ങൾ രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെ ടുവിച്ചു. തത്ഫലമായി 14 ജില്ലകളിൽ 240 അംഗങ്ങൾ ഉൾപ്പെടുന്ന 33 എം.ഇ.സി ഗ്രൂപ്പുകൾ നിലവിൽ വന്നു.

മേൽപ്പറഞ്ഞ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കിയ അനുഭവങ്ങ ളുടെ വെളിച്ചത്തിൽ ടി മാർഗ്ഗനിർദ്ദേശങ്ങളിൽ കൂടുതൽ വ്യക്തത വേണമെന്ന് വിവിധതലങ്ങളിൽ നിന്ന് ആവശ്യം ഉയർന്നത് പരിഗണിച്ച് കൂടുതൽ സ്പഷ്ടവും സമഗ്രവുമായ മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. ഈ മാർഗ്ഗനിർദ്ദേശങ്ങൾ നിലവിൽ വരുന്ന തീയതി മുതൽ ഈ വിഷയത്തിൽ മുൻപ് ഇറങ്ങിയിട്ടുള്ള കെ. എസ്/ഡി/2118/2011 06..05..2011–ലെ ഉത്തരവും കെ.എസ്.എം/2059/09 തീയതി 22.02.2010 നമ്പരായി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പിൻവലിച്ചതായി കണക്കാക്കുന്നതും പുതിയ ഉത്തരവ് പ്രകാരം പ്രവർത്തനങ്ങൾ പുനക്രമീകരിക്കേണ്ടതുമാണ്.

## 2. എം.ഇ.സി ഗ്രൂപ്പ് സംവിധാന രൂപീകരണത്തിന്റെ ലക്ഷ്യങ്ങൾ

2.1 സൂക്ഷ്മ സംരംഭങ്ങൾക്ക് സമഗ്രമായ പിന്തുണാ സംവിധാനം തയ്യാറാക്കുക

2.1.1 നൂതനവും വിജയസാധ്യതയുമുള്ള സംരംഭങ്ങൾ ഓരോ തദ്ദേശ ഭരണ പ്രദേശത്തിന്റെയും വിഭവങ്ങൾക്കും വിപണിക്കും അനുസൃതമായി കണ്ടെത്തുന്നതിനും പ്രവർത്തനക്ഷമ മാക്കുന്നതിനും

2.1.2 നിലവിലുള്ള സൂക്ഷ്മ സംരംഭങ്ങൾക്കാവശ്യമായ സാങ്കേതികവും ഭരണപരവുമായ വൈദഗ്ധ്യ പിൻതുണ യഥാസമയം ലഭ്യമാക്കുന്നതിന്

2.1.3 സൂക്ഷ്മ സംരംഭങ്ങൾക്ക് ആരംഭഘട്ടത്തിലും പ്രവർത്തന വേളയിലും ഉണ്ടാകുന്ന പ്രശ്നങ്ങൾ യഥാസമയം മനസ്സിലാക്കി പോരായ്മകൾ പരിഹരിക്കുന്നതിന്

2.1.4 സൂക്ഷ്മ സംരംഭങ്ങൾക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിന്

2.2 സൂക്ഷ്മ സംരംഭ പിന്തുണാ സംവിധാനത്തിന്റെ ഗുണപരത മെച്ചപ്പെടുത്തൽ

2.2.1 വിവിധ ഏജൻസികളുടെ സഹായം ഏകോപിപ്പിക്കൽ

2.2.2 എം.ഇ.സി.മാരും സംരംഭകരും തമ്മിൽ പരസ്പര സഹകരണം ഉറപ്പുവരുത്തൽ

2.2.3 മെച്ചപ്പെട്ട പ്രവർത്തനത്തിനായി ഫണ്ടുകളുടെ സമന്വയം

2.3 എം.ഇ.സി പിന്തുണാ സംവിധാനത്തെ സ്വയം പര്യാപ്തമായ സ്വയംതൊഴിൽ സംഘങ്ങളാക്കി മാറ്റൽ

2.3.1 എം.ഇ.സി സംവിധാനം സ്വയം പര്യാപ്തമാക്കൽ

2.4 വൈദഗ്ധ്യ വികസനം ഒരു സ്വാഭാവിക പ്രക്രിയയാക്കൽ – കാലാനുസൃതമായി ആവശ്യമായ മേഖലകളിൽ വൈദഗ്ധ്യ വികസനം നൽകി സംരംഭങ്ങൾക്കാവശ്യമായ പിന്തുണാ സഹായം ലഭ്യമാക്കാൻ

2.5 അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും പഠനവേദി ഒരുക്കുന്നതിനും ആവശ്യമായ സംവിധാനം ഒരുക്കൽ

2.5.1 പ്രവർത്തന മേഖലയിലുള്ള വൈദഗ്ധ്യത്തിനായി എം.ഇ.സിമാർ തമ്മിലുള്ള പരസ്പര സഹകരണത്തിനും അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും വേദിയൊരുക്കൽ

2.6 എംഇസി സംവിധാനത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുള്ള ഒരു വിലയിരുത്തൽ സംവിധാനം ഒരുക്കൽ

2.7 വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകൽ, സാമ്പത്തിക സഹായം ലഭ്യമാക്കൽ

മേൽ പരാമർശിച്ചതു പ്രകാരം ഒരേ സംരംഭങ്ങൾക്ക് വേണ്ട വ്യത്യസ്ഥ സഹായങ്ങളും  വ്യത്യസ്ത സംരംഭകർക്ക് വേണ്ട വ്യത്യസ്ത പിന്തുണകളും ലഭ്യമാക്കാൻ  ഒരു വ്യക്തിയെ കൊണ്ട് മാത്രം കഴിയില്ല. ആയതിനാൽ വ്യത്യസ്ത സഹായങ്ങൾ നൽകുവാൻ പ്രാപ്തരായ വ്യക്തികളെ ഉൾക്കൊള്ളിച്ച് ഗ്രൂപ്പ് രൂപീകരിച്ചുകൊണ്ട് സംരംഭകർക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്ന വിധം എംഇസി സംവിധാനത്തെ വ്യവസ്ഥാപിതമാക്കേണ്ടതുണ്ട്. ഇതിനായി വ്യത്യസ്ത കഴിവും അഭിരുചിയും ഉള്ള വ്യക്തികൾ ഒരു ഗ്രൂപ്പിൽ ഉണ്ടെന്ന് ജില്ലാ മിഷൻ ഉറപ്പുവരുത്തേണ്ടതാണ്.

## 3. ഗ്രൂപ്പ് രുപീകരണം

വ്യത്യസ്ത അഭിരുചിയോടും, അറിവ്, കഴിവ്, സമീപനത്തോടും കൂടി 240 എം.ഇ.സി.മാർ ഇന്ന് സംസ്ഥാനത്തുടനീളം ഉണ്ട്. വ്യത്യസ്ത പരിശീലനം ലഭിച്ച ഇവർ സംരംഭങ്ങൾക്കു വേണ്ട അറിവും മാർഗ്ഗനിർദ്ദേശവും നൽകാൻ പ്രാപ്തരാണ്. അതിനാൽ ഇവരെ 5–12 പേർ അടങ്ങുന്ന ഗ്രൂപ്പുകളാക്കി ഒരു കുടക്കീഴിൽ കൊണ്ടു വന്ന് പ്രവർത്തനങ്ങൾക്ക് വ്യക്തവും സുതാര്യവുമായ മാർഗ്ഗനിർദ്ദേശം നൽകേണ്ടതും അനിവാര്യമാണ്. എന്നാൽ ഒരു സംരംഭം അഭിവൃദ്ധിപ്പെടുത്തുന്നതിന് ആവശ്യമായ സേവനങ്ങൾ നൽകാൻ കഴിവുള്ള അംഗങ്ങൾ ഈ ഗ്രൂപ്പിൽ ഉണ്ടെന്നും സേവനങ്ങൾക്ക് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ എല്ലാ വിഭവങ്ങളും നിർദ്ദിഷ്ട ഗ്രൂപ്പുകളിൽ ഉണ്ടെന്നും ജില്ലാമിഷൻ ഉറപ്പു വരുത്തേണ്ടതുണ്ട്. ഗ്രൂപ്പുകൾ തമ്മിലുള്ള ആരോഗ്യപരമായ മത്സരത്തിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഇത് സഹായകമാവും.

### 3.1. ഗ്രൂപ്പ് രൂപീകരണം/അംഗത്വം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ

എം.ഇ.സിമാരെ വ്യവസ്ഥാപിതമാക്കുന്നതിന്റെ ആദ്യഘട്ടമെന്നോണം അവരെ ‘പ്രത്യേക സംരംഭ ഗ്രൂപ്പുകളായി’ കണക്കാക്കേണ്ടതാണ്.

3.1.1 ഓരോ ഗ്രൂപ്പിലും 5 മുതൽ 12 വരെ അംഗങ്ങളാകാം

3.1.2 വ്യത്യസ്ത തൊഴിൽ മേഖലകളിൽ (സെഷൻ 8 ൽ പ്രതിപാദിച്ചിട്ടുണ്ട്) വൈദഗ്ധ്യമുള്ളവർ ഓരോ ഗ്രൂപ്പിലും ഉണ്ടെന്ന് ഉറപ്പുവരുത്തുക

3.1.3 ഗ്രൂപ്പംഗങ്ങളുടെ മനോഭാവം, വിഷയത്തിലുള്ള പരിജ്ഞാനം, പ്രവൃത്തിപരിചയം, മേഖലയിലെ വൈദഗ്ധ്യം,ജില്ലാമിഷൻ/സിഡിഎസ്/ സംരംഭകർ എന്നിവരുമായുള്ള ഇടപെടൽ, ആശയവിനിമയ പാടവം എന്നിവയും പരിഗണിക്കേണ്ടതാണ്.

3.1.4 എം ഇ സി ഗ്രൂപ്പുകളെ തെരഞ്ഞെടുക്കുമ്പോൾ ക്രീം, ടീം എന്നീ ട്രെയിനിം ഗുകളിൽ എം ഇ സിമാർ പ്രകടിപ്പിച്ച മികവ് നിർബന്ധമായും പരിഗണിക്കേ ണ്ടതാണ്.

3.1.5 ഓരോ എം ഇ സി ഗ്രൂപ്പുകളിലും എല്ലാ വിഷയവും കൈകാര്യം ചെയ്യാൻ ഉതകുന്ന അംഗങ്ങൾ ഉണ്ടാകണം. അഥവാ, അംഗങ്ങളിൽ പ്രത്യേക വിഷയ ങ്ങളിൽ പ്രാവീണ്യം ഉള്ളവർ ഉണ്ടാകണം.

3.2 എം.ഇ.സിമാർ അവരുടെ കഴിവുകൾ കണക്കിലെടുത്ത് സംരംഭ മേഖല അടി സ്ഥാനത്തിൽ ഗ്രൂപ്പുകൾ രൂപീകരിക്കുന്ന പ്രക്രിയ സ്വമേധയാ നടന്നില്ല എങ്കിൽ ജില്ലാ മിഷനുകൾ ഇതിന് നേതൃത്വം നൽകേണ്ടതാണ്. സ്വമേധയാ ഉണ്ടായി വന്നിട്ടുള്ള എം.ഇ.സി ഗ്രൂപ്പുകൾ മുകളിൽ പരാമർശിച്ചിട്ടുള്ള രീതിയിൽ ഉണ്ടായവയാണെന്ന് ഉറപ്പുവരുത്തേണ്ട ചുമതല ജില്ലാ മിഷനുകൾക്കാണ്.

3.3 ഓരോ ഗ്രൂപ്പിനും അനുയോജ്യമായ പേരു നൽകാവുന്നതാണ്. ഓരോ ഗ്രൂപ്പിനും പ്രസിഡന്റും സെക്രട്ടറിയും ഉണ്ടായിരിക്കേണ്ടതാണ്. മാനേജ്മെന്റ് പരിശീലനം ലഭിച്ച, പരിചയസമ്പന്നരായ അംഗങ്ങളാണ് നേതൃസ്ഥാനത്ത് വരേണ്ടത്.

3.3.1 പ്രസിഡണ്ട് / സെക്രട്ടറി സ്ഥാനം ഒരാൾ തുടർച്ചയായി 3 കൊല്ലം മാത്രമേ വഹിക്കുവാൻ ]mSp--Åq.

3.3.2 aq¶m-as¯ hÀjw G{]nÂ amkw 5þmw Xn¿-Xn-¡p-ap¼v sXc-sª-Sp¸v \S-t¯---Xm-Wv. CXnÂ PnÃm-an-j-\nÂ \n¶pÅ {]Xn-\n-[nsb £Wn-t¡---Xpw PnÃ anj³ tImþHmÀUnt\äÀ \ntbmKn¡p¶ AwKw sXcsªSp¸v {]{InbbpsS km£nbmtI-XpamWv.

3.3.3 Øm\w Hgn-bp-¶-Xn-\p-ap¼v BkvXn, _m[y-X-I-sf-¡p-dn¨pw \ne-hnÂ sNbvXp-sIm--n-cn-¡p¶ Imcy-§-sf-¡p-dn¨pw C\n XpSÀ¶v sNt¿- Imcy-§-sf-¡p-dn¨pw dnt¸mÀ«v X¿mdm¡n HmUnäv tÌävsaân-s\m¸w Øm\w Hgn-bp¶ sk{I-«dn ]pXnb sk{I-«-dn-¡v ssIam-td---Xm-Wv.

3.4 അംഗങ്ങൾ തമ്മിൽ ഇന്റർസേ കരാർ ഉണ്ടാക്കേണ്ടതാണ്.

3.5 തൊഴിൽ വിഭജനം, ഹാജർ തുടങ്ങിയവ സംബന്ധിച്ച് അംഗങ്ങൾ ചർച്ചചെയ്ത് ഒരു നിയമാവലി ഉണ്ടാക്കണം

3.6 പ്രസിഡന്റിന്റേയും സെക്രട്ടറിയുടേയും പേരിൽ പ്രത്യേക ജോയിന്റ് എസ്.ബി. അക്കൗണ്ട് ആരംഭിക്കണം

3.6.1 AwK-§Ä ]ncn-ªv t]mIp-I-bm-sW-¦nÂ sXm«p-ap-¼s¯ km¼-¯nI hÀjw IW-¡m¡n HmUnäv sNbvXv em`-hn-lnXw ]¦p hbvt¡---Xm-Wv. Xncn-¨p-]n-Sn-¡m³ XpI-bp-s--¦nÂ Xncn-¨p-]n-Sn-¡m-\p-ƒ-ƒ \S-]-Sn-{I-a-

§Ä {Kq¸v kzoI-cn-t¡---Xm-Wv. GsX-¦nepw Imc-W-h-imÂ A©v AwK-§-fnÂ Xmsg am{Xw {Kq¸nÂ D-m-bmÂ PnÃm-an-j³ \ÂIn-bn-cn-¡p¶ A^n-en-tb-j³ \ncp-]m-[nIw d±v sN¿-s¸-Sp-¶-Xm-Wv.

3.7 Hcw-K-¯n\v hÀj-¯nÂ F{X eohv A\p-h-Zn-¡Ww F¶pÅ Imcyw {Kq¸n\v Xocp-am-\n-¡m-hp-¶-Xm-Wv.

3.7.1 HcwKw XpSÀ¨-bmbn 15 Znh-k-¯nÂ IqSp-XÂ Ah[n Bh-iy-s¸-Sp-I-bm-sW-¦nÂ PnÃm anjs\ {Kq¸v tcJm-aqew Adn-bn-t¡---Xm-Wv.

3.7.2 Hcp-am-ktam AXn-e-[n-Itam Ah-[n-sb-Sp-¡p¶ AwK-§-fpsS em` hnlnX¯n³ta-epÅ Xocp-am\w {Kq¸n\v FSp-¡m-hp-¶-Xm-Wv.

## <u>3.8 AwKXzw d±p-sN-¿Â</u>

3.8.1 {Kq¸nsâ \nb-am-h-en¡v hncp-²-ambn {]hÀ¯n-¡p-¶-Xmbpw, km¼-¯nI {Ia-t¡-Sp-IÄ ImWn-¡p-¶-Xmbpw t_m[y-s¸-«mÂ {Kq¸v AwK¯nsâ AwKXzw d±v sN¿p-¶-Xn\v PnÃmanj\ntebv¡v {Kq¸n\v ip]mÀi \ÂIm-hp-¶-XmWv. CXv PnÃm {]iv\ ]cn-lmc skÂ ]cn-tim-[n¨v kwØm\ {]iv\ ]cn-lmc skÃn-te¡v dnt¸mÀ«v Ab-t¡---Xm-Wv. kwØm\ {]iv\ ]cn-lmc skÃn-\v am{Xta AwKXzw d±v sN¿p-¶-Xn-\pÅ A[n-Im-c-ap--m-bn-cn-¡p-I-bp-Åq. AwKXzw d±v sN¿-s¸-Sp-I-bm-sW-¦nÂ em`-hn-ln-X-¯n\v AÀl-X-bp--m-bn-cn-¡p-I-bn-Ã.

## <u>3.9 A^n-en-tb-j³</u>

3.91. ജില്ലാ മിഷൻ ആഫീസുമായി എം.ഇ.സി ഗ്രൂപ്പ് അഫിലിയേഷൻ നടത്തേണ്ടതാണ്

3.9.1.1. എം.ഇ.സി ഗ്രൂപ്പ് അഫിലിയേഷൻ നടത്തുന്നതിന് അപേക്ഷ ജില്ലാമിഷനിലേയ്ക്ക് അയ്ക്കേണ്ടതുണ്ട്. (അഫിലിയേഷൻ ഫോർമിന്റെ മാതൃക അനുബന്ധമായി നൽകിയിട്ടുണ്ട്)

3.9.1.2. അഫിലിയേഷൻ നടത്തുമ്പോൾ ഗ്രൂപ്പിന് അഫിലിയേഷൻ നമ്പർ നൽകേണ്ടതാണ്. നമ്പർ ഫോർമാറ്റ് – (കുടുംബശ്രീ / ജില്ലയുടെ പേര്

ചുരുക്കത്തിൽ/സീരിയൽ നമ്പർ / നടപ്പു സാമ്പത്തിക വർഷം) (ഉദാ: കെ.എസ്/തിരു/00101/2011–12)

<u>3.9.2 A^n-en-tb-j³ ]pXp-¡Â</u>

Fw.-C.kn A^n-en-tb-j³ ]pXp-¡Â FÃm km¼-¯n¡ hÀj¯nsâbpw BZyw Xs¶ (G{]nÂ 30 \Iw) \S-t¯---Xm-Wv. CXn-\mbn

- HmUnäv dnt¸mÀ«v (Imkv, knF km£ys¸Sp¯nbXv)
- lmPÀ _p¡v
- an\p«vkv _p¡v
- _m¦v tÌävsaâv
- hc-hv, sNhev IW¡v
- B´cnI DS¼Sn

F¶nh PnÃm-an-j-\nÂ G{]nÂ 5þmw Xn¿-Xn¡v ap¼mbn {Kq¸nsâ At]-£-tbm-sSm¸w kaÀ¸n-t¡---Xm-Wv. PnÃm anj³ CXv ]cn-tim-[n¨v G{]nÂ 12þmw Xn¿-Xn-¡p-ÅnÂ A^n-en-tb-j³ ]pXp¡n \Ât¡---Xm-Wv. A^n-en-tb-j³ \ncm-I-cn-¡p-¶-Xn-\pÅ A[n-Imcw kwØm\ anj\v am{X-am-bn-cn-¡pw.

## 4. നിലവിലുള്ള ഗ്രൂപ്പിനു പുറമെ പുതിയ ഗ്രൂപ്പ് രൂപീകരണം

ജില്ലയിൽ നിലവിലുള്ള ഗ്രൂപ്പിനു പുറമെ പുതിയ ഗ്രൂപ്പ് രൂപീകരിക്കണമെങ്കിൽ വ്യക്തമായ കാരണങ്ങൾ സംസ്ഥാന മിഷനിൽ ബോധ്യപ്പെടുത്തിയിരിക്കണം. ജില്ലാ മിഷന്റെ ആവശ്യം പഠിച്ച്, പുതിയ ഗ്രൂപ്പിന് അനുവാദം നൽകുന്നതിനുള്ള അധികാരം സംസ്ഥാന മിഷന് മാത്രമായിരിക്കും.

## 5. നിലവിലുള്ള ഗ്രൂപ്പുകളിൽ പുതിയ അംഗങ്ങളെ ഉൾപ്പെടുത്തൽ

5.1. നിലവിലുള്ള എം.ഇ.സി ഗ്രൂപ്പുകളിൽ പുതിയ അംഗങ്ങളെ ഉൾപ്പെടുത്തുന്നതിന് എം.ഇ.സി ഗ്രൂപ്പ് നൽകുന്ന ശുപാർശ പരിഗണിച്ച് അന്തിമ തീരുമാനം എടുക്കേണ്ടത് ജില്ലാമിഷനാണ്. ജില്ലാ മിഷൻ ഇത്തരത്തിൽ അംഗീകരിച്ചിട്ടുള്ള വ്യക്തികൾക്കു മാത്രമേ കുടുംബശ്രീ സംരംഭങ്ങൾക്ക് പിന്തുണ നൽകുന്നതിന് ചുമതല ഉണ്ടാവുകയുള്ളൂ.

5.2. പുതിയ എം. ഇ. സി. മാരെ സെലക്റ്റ് ചെയ്യുംമ്പോൾ അടിസ്ഥാന യോഗ്യത ഡിഗ്രിയായിരിക്കണം. എന്നാൽ എക്സ്പീരിയൻസിന് വെയിറ്റേജ് മാർക്ക് നൽകണം. എക്സ്പീരിയൻസ് എന്ന് പറയുന്നത് സി. ഡി. എസ്. ചെയർ പേഴ്സൺ, എം. ഇ. കൺവീനർ, സംരംഭം നടത്തി പരിചയമുള്ളവർ എന്നിവർക്ക് മുൻഗണന കൊടുക്കാവുന്നതാണ്.

5.3. പുതിയ അംഗങ്ങളെ സെലക്റ്റ് ചെയ്യുംമ്പോൾ ഏതു മേഖലയിലുള്ളവരെയാണ് ഗ്രൂപ്പിന് ആവശ്യമെന്നറിയണം. പുതിയ ആളുകളെ കണ്ടെത്തുന്നത് എം.ഇ.സി. ഗ്രൂപ്പ് മുഖേനയായിരിക്കണം. ജില്ലാമിഷനിൽ അറിയിപ്പു നൽകി അംഗം യോഗ്യനാണോയെന്ന് പരിശോധന നടത്തേണ്ടതാണ്. ഇപ്രകാരം പുതിയതായി വരുന്നവരെ നിലവിലുള്ള ഗ്രൂപ്പിൽ പരിഗണിക്കാം

5.4. നിലവിലുള്ള ഗ്രൂപ്പിൽ 12 അംഗങ്ങൾ ഉണ്ടെങ്കിൽ വേറെ ഗ്രൂപ്പിൽ ഉൾപ്പെടുത്തേണ്ടതാണ്

5.5. എം. ഇ. സി. ഗ്രൂപ്പിലെ പരമാവധി അംഗസംഖ്യ 12 ആയിരിക്കണം

## 6. പ്രവർത്തന മേഖല

6.1. ഓരോ എം.ഇ.സി ഗ്രൂപ്പിന്റേയും പ്രവർത്തന ചുമതലയുള്ള സി.ഡി.എസ്സുകൾ ഡി.എം.റ്റി നിശ്ചയിച്ചു നൽകേണ്ടതാണ്. ജില്ലയ്ക്കുള്ളിൽ വിവിധ എം.ഇ.സി ഗ്രൂപ്പുകൾക്ക് പ്രവർത്തനമേഖലപരിധി വിഭജിച്ച് നൽകുമ്പോൾ ഓരോ എം.ഇ.സി ഗ്രൂപ്പിനും നിലനിന്നുപോകാൻ അനുസൃതമായ വരുമാനം ഉണ്ടാകത്തക്കരീതിയിൽ വിഭജനം നടത്തേണ്ടതാണ്. സാധാരണനിലയിൽ 5 അംഗങ്ങളുള്ള ഒരു എം.ഇ.സി ഗ്രൂപ്പിന് 15 സി.ഡി.എസ്സുകളെങ്കിലുമുള്ള പ്രവർത്തന മേഖലയായിരിക്കണം നൽകേണ്ടത്.

6.2. അതതു സിഡിഎസ്സുകളെ എം.ഇ.സി. ക്ലസ്റ്റർ രൂപീകരണത്തിന്റെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

6.3. സിഡിഎസ്സുകൾക്കും ജില്ലാമിഷനും പുറമേ സംരംഭ വികസനമേഖല, സർവ്വേകൾ, പഠനങ്ങൾ, നൂതന സംരംഭ വികസനം എന്നീ മേഖലകളിൽ എം.ഇ.സി. ടീമിന്റെ സേവനങ്ങൾ സ്വകാര്യ സംരംഭങ്ങൾ, സർക്കാർ–അർദ്ധസർക്കാർ, ധനകാര്യസ്ഥാപനങ്ങൾ, എൻ.ജി.ഒ.കൾ എന്നിവർക്ക് നൽകാവുന്നതാണ്.

6.4. ഗ്രൂപ്പിന് കൃത്യമായി ആക്ഷൻ പ്ലാൻ തയ്യാറാക്കണം. അംഗങ്ങൾ എല്ലാവരും ചേർന്ന് ചർച്ച ചെയ്താണ് ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടത്.

6.5. ആക്ഷൻ പ്ലാൻ അനുസരിച്ച് കൃത്യമായ വർക്ക് ഡയറി ഗ്രൂപ്പിനാവശ്യമാണ്.

## 7. എം.ഇ.സി ഗ്രൂപ്പിന്റെ ധനവിനിയോഗം

7.1. ജില്ലാമിഷൻ ആവശ്യപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾക്ക് ഫീസ് ജില്ലാമിഷനും സംരംഭകർ ആവശ്യപ്പെട്ട് നൽകുന്നവയ്ക്ക് ഫീസ് സംരംഭകരുമാണ് നൽകേണ്ടത്.

7.2. ലഭിക്കുന്ന വരുമാനം ഗ്രൂപ്പിന്റെ അക്കൗണ്ട് മുഖേനയെ വിനിയോഗിക്കാൻ പാടുള്ളു.

7.3. ലഭിക്കുന്ന വരുമാനത്തിന്റെ 25% തുക കരുതൽ ധനമായി (റിസർവ്വ് ഫണ്ട്) നീക്കിവയ്ക്കേണ്ടതാണ്. (റിസർവ്വ് ഫണ്ട് എന്ന് പറയുന്നത് ഗ്രൂപ്പിന് ട്രെയിനിംഗുകൾ ഏറ്റെടുത്ത് നടത്തുന്നതിനും അത്യാവശ്യ ഘട്ടങ്ങളിൽ കരുതൽ ധനമായി ഉപയോഗിക്കാനുള്ളതുമാണ്).

7.4. 20% തുക യാത്ര ചെലവിനങ്ങൾക്കും ബാക്കി വേതനമായും പരിഗണിക്കും.

7.5. റിസർവ്വ് ഫണ്ട് തുല്യമായി ഓഹരി വയ്ക്കാൻ പാടില്ല. അടുത്ത വർക്കിനുവേണ്ടി റിസർവ്വായിവെക്കാനാണിത്.

7.6. ഓരോരുത്തരുടെയും കഴിവിനനുസരിച്ചും പ്രവർത്തിചെയ്യുന്ന സമയത്തിനനുസരിച്ചും വേതനം ലഭ്യമാക്കണം. ഒരു പരിധി വെച്ചതിനു ശേഷം അധിക സമയം പ്രവർത്തിക്കുന്നതിനനുസരിച്ച് ഇൻസെന്റീവ് നൽകണം.

7.7. ഗ്രൂപ്പ് അംഗങ്ങൾക്കുള്ള സേവന വേതന വ്യവസ്ഥകൾ ഗ്രൂപ്പ് അംഗങ്ങൾ ചർച്ച ചെയ്ത് അംഗീകരിക്കണം.

## 8. എം ഇ സി ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ

എം ഇ സി ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ താഴെ സൂചിപ്പിച്ചിട്ടുള്ള പ്രധാന സംരംഭ മേഖലകൾ കേന്ദ്രീകരിച്ച് ഉള്ളവ ആയിരിക്കും.

- മൃഗസംരക്ഷണ മേഖല (പശു, ആട്, കോഴി, മുയൽ, പോത്ത്, മത്സ്യം)
- സമഗ്ര പ്രോജക്ടുകൾ
- ഉത്പ്പാദന മേഖല (ഭക്ഷ്യ/ഭക്ഷ്യേതര)
- സേവന മേഖല
- വൈദഗ്ധ്യ-നിയമന മേഖല

- വിപണന മേഖല
- ഇവ കൂടാതെ ഒരോ ജില്ലയിലും ഉള്ള പ്രത്യേക സംരംഭങ്ങളുടെ സ്വഭാവവും എണ്ണവും അനുസരിച്ചുള്ള മേഖലകൾ എം.ഇ.സിമാർ തെരഞ്ഞെടുക്കേണ്ടതാണ്.

എം.ഇ.സി ഗ്രൂപ്പുകൾ സൂക്ഷ്മ സംരംഭങ്ങൾക്കു നൽകുന്ന പിന്തുണാ പ്രവർത്തനങ്ങൾ പ്രധാനമായും അഞ്ച് തരത്തിലുള്ളവയാണ്.

**8.1 പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സേവനങ്ങൾ**

പുതുതായി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന സംരംഭകർക്ക് സി.ഡി.എസ്സുകളുടെ നിർദ്ദേശ പ്രകാരം നിലവിലുള്ള പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതികൾ തയ്യാറാക്കുക.

- യഥാർത്ഥ സംരംഭകരെ കണ്ടെത്തുന്നതിൽ സി.ഡി.എസ്സുകളെ സഹായിക്കുക
- പ്രാദേശിക വിപണി സാധ്യതകളുടെ അടിസ്ഥാനത്തിൽ പദ്ധതി കരട് തയ്യാറാക്കുക
- ബിസിനസ് പ്ലാനുകൾ തയ്യാറാക്കുക
    - *s{]mP-IvSnsâ amXrI Fw.-C.kn _nkn-\|Êv ¹m³ ]cn-io-e-\|-¯nÂ \|nÀt±-in¨ coXn-bn-em-bn-cn-¡-Ww.*
    - *Fw.-C.kn {Kq¸v kaÀ¸n¡p¶ s{]mPIvSpIÄ am{Xta PnÃm anj³ kzoIcn¡mhq. Fw.-C.kn {Kq¸nse AwK§Ä hyàn-]cambn X¿mdm¡n kaÀ¸n¡p¶ s{]mPIvSpIÄ PnÃm anj³ kzoIcn¡m³ ]mSpÅXÃ.*
- ബാങ്ക് ഇടപാടുകൾക്ക് പിന്തുണ നൽകുക
- യന്ത്രോപാധികൾ, അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിന് സംരംഭകരെ സഹായിക്കുക.
- ഉത്പ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തൽ
- നിയമപരമായ ലൈസൻസുകൾ ലഭ്യമാക്കൽ
- വിപണി കണ്ടെത്തൽ

**8.2 നിലവിലുള്ള സംരംഭങ്ങൾക്കുള്ള പിന്തുണാ സംവിധാനം**

സി.ഡി.എസ്സിന്റെ പ്രവർത്തന പരിധിയിൽ നിലവിലുള്ള സൂക്ഷ്മ സംരംഭങ്ങൾക്കാവശ്യമായ പിന്തുണാ സംവിധാനങ്ങൾ ഒരുക്കുക.

- സംരംഭകർക്ക് നിയമപരമായ ലൈസൻസുകൾ എടുക്കുന്നതിനുള്ള സേവനങ്ങൾ
- ഉത്പ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തലും വൈവിധ്യ വത്ക്കരണത്തിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ
- വിപണി കണ്ടെത്തുന്നതിനുള്ള പിന്തുണ
- കണക്കു ചിട്ടപ്പെടുത്തൽ, റിപ്പോർട്ടിംഗ്
- ബാങ്ക് ഇടപാടുകൾക്ക് പിന്തുണ
- ക്ലസ്റ്റർ സംവിധാനം രൂപപ്പെടുത്തൽ
- അസംസ്കൃത വസ്തുക്കൾ കുറഞ്ഞ വിലയ്ക്ക് കണ്ടെത്തി ലഭ്യമാക്കുക
- യന്ത്രസാമഗ്രികളുടെ നവീകരണം / റിപ്പയർ എന്നിവയ്ക്കുള്ള പിന്തുണ
- റിവോൾവിംഗ് ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്, രണ്ടാംഘട്ട ധനസഹായം, ടെക്നോളജി ഫണ്ട് തുടങ്ങിയ സാമ്പത്തിക പിന്തുണാ സഹായങ്ങൾ അർഹരായ സംരംഭകരെ കണ്ടെത്തി ലഭ്യമാക്കുക.

### 8.3 പരിശീലനങ്ങൾ

കുടുംബശ്രീ മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് സംരംഭകർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകുക. ഇതിൽ ജി.ഒ.റ്റി, ഇ.ഡി.പി, വൈദഗ്ധ്യ പരിശീലനം, പി.ഐ.പി, കണക്കെഴുത്ത് പരിശീലനം, പ്രോജക്ട് ക്ലിനിക്ക് എന്നിവ ഉൾപ്പെടുന്നു. ജി. ഒ. റ്റി, ഇ. ഡി. പി., വൈദഗ്ധ്യ പരിശീലനം പി. ഐ. പി., കണക്കെഴുത്ത് പരിശിലനം, പ്രോജക്റ്റ് ക്ലിനിക്ക് തുടങ്ങി എല്ലാവിധ പരിശീലനങ്ങളും എം. ഇ. സി. ടീം ഏറ്റെടുത്ത് നടത്തണം. ആവശ്യമായ സന്ദർഭങ്ങളിൽ ട്രെയിനിംഗ് ടീമിലെയോ ആർ. പി. ടീമിലെയോ അംഗങ്ങളെ എം.ഇ.സി.മാർക്ക് ഫാക്കൽറ്റിയായി വിളിക്കാവുന്നതും ഫാക്കൽറ്റി ഫീസ് നൽകാവുന്നതുമാണ്. ഇത് പരിശീലനത്തിന്റെ ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ പ്രത്യേകം പരാമർശിക്കേണ്ടതാണ്. പരിശീലനങ്ങൾ ഏറ്റെടുക്കുമ്പോൾ പൂർണ്ണമായും ജോലി വിഭജനം നടത്തേണ്ടതാണ്. സംഘാടനം, ക്ലാസെടുക്കൽ, മൊഡ്യൂൾ തയ്യാറാക്കൽ എന്നിങ്ങനെ തരംതിരിച്ച് ജോലി വിഭജനം ചെയ്യുകയും ഉത്തരവാദിത്വങ്ങൾ റൊട്ടേറ്റ് ചെയ്യേണ്ടതുമാണ്.

### 8.4 സി.ഡി.എസ്സുകൾക്ക് സംരംഭ മേഖലയിലെ വിദഗ്ധ പിന്തുണ

സൂക്ഷ്മ സംരംഭങ്ങൾക്ക് പിന്തുണ നൽകുന്നതിനോടൊപ്പം സി.ഡി.എസ്സുകൾക്ക് പ്രാദേശിക സാമ്പത്തിക വികസന പ്രവർത്തനങ്ങളിൽ വിദഗ്ധ സഹായം നൽകുന്ന ഏജൻസിയായി എം.ഇ.സി ഗ്രൂപ്പുകൾ പ്രവർത്തിക്കേണ്ടതുണ്ട്. ഇതിനായി താഴെപ്പറയുന്ന സേവനങ്ങൾ എംഇസിമാർ സിഡിഎസ്സുകൾക്ക് ലഭ്യമാക്കേണ്ടതാണ്.

- മാസച്ചന്തകളുടെ സംഘാടനം, നടത്തിപ്പ്
- ആക്ഷൻ പ്ലാൻ രൂപീകരണത്തിന് സിഡിഎസ്സിന് പിന്തുണ
- എം.ഇ ഇൻവന്ററി തയ്യാറാക്കൽ
- വിവിധ ഏജൻസികൾ/വകുപ്പുകളുടെ സഹായങ്ങൾ നേടുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ
- റിവോൾവിംഗ് ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്, രണ്ടാംഘട്ട ധനസഹായം, ടെക്നോളജി ഫണ്ട് തുടങ്ങിയ സാമ്പത്തിക പിന്തുണാ സഹായങ്ങൾ അർഹരായ സംരംഭകരെ കണ്ടെത്തി സി.ഡി.എസ്സിന് യഥാസമയം വിവരം നൽകൽ.
- സി.ഡി.എസ് ആക്ഷൻപ്ലാനിനെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തുതല ലൈവ്ലിഹുഡ് ഡെവലപ്പ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള ചുമതല എന്നിവ എം.ഇ.സി ടീമിനെ ഏൽപ്പിക്കാവുന്നതാണ്.

### 8.5. കുടുംബശ്രീ മിഷന് സംരംഭ മേഖലയിലെ വിദഗ്ധ പിന്തുണ

സൂക്ഷ്മ സംരംഭ മേഖലയിലെ കുടുംബശ്രീ മിഷന്റെ ഇടപെടലുകൾ മെച്ചപ്പെടുത്തുന്നതിനും സംരംഭകരെ ശാക്തീകരിക്കുന്നതിനും ആവശ്യമായ വിദഗ്ധ ഇടപെടലുകൾ നടത്തുന്ന ഫീൽഡ് തല ഏജൻസിയായി എം.ഇ.സി ഗ്രൂപ്പുകൾ പ്രവർത്തിക്കേണ്ടതുണ്ട്.

- അവസ്ഥാപഠനങ്ങൾ, സർവ്വേകൾ മുതലായവ ഏറ്റെടുത്ത് നടത്തുക
- സംരംഭ മേഖലയിലെ പരിശീലനങ്ങൾ നടത്തുക

## 9 പ്രവർത്തന പുരോഗതി അവലോകനവും വിലയിരുത്തലും

എം.ഇ.സി ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ഗ്രൂപ്പ് അംഗങ്ങൾ പിന്തുണ നൽകിയിട്ടുള്ള സംരംഭകർ, സി.ഡി.എസ് നേതൃത്വം, ജില്ലാ മിഷൻ എന്നിവർ ചേർന്നുള്ള ഒരു സമഗ്ര സംവിധാനം രൂപീകരിക്കേണ്ടതുണ്ട്. ഇത്തരം സംവിധാനത്തിലൂടെ താഴെപ്പറയുന്ന കാര്യങ്ങൾ പതിവായി വിലയിരുത്തപ്പെടേണ്ടതുണ്ട്.

- സിഡിഎസ്സുകൾക്ക് എം.ഇ.സി ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായി ലഭ്യമാകുന്നു.
- സംരംഭകർക്ക് എം.ഇ.സി ഗ്രൂപ്പിന്റെ സേവനം യഥാസമയം ലഭ്യമാകുന്നു.
- എം.ഇ.സി ഗ്രൂപ്പുകൾക്ക് ന്യായമായ വരുമാനം ഗ്രൂപ്പ് പ്രവർത്തനങ്ങളിലൂടെ ലഭ്യമാകുന്നു.

## 9.1 വിലയിരുത്തൽ സംവിധാനം

### 9.1.1. സി.ഡി.എസ് തലത്തിൽ

എം.ഇ.സി ഗ്രൂപ്പ് സ്ഥിര പ്രവർത്തനം ആരംഭിച്ചതിനു ശേഷം ഓരോ മാസവും ഗ്രൂപ്പിന്റെ പ്രവർത്തന പരിധിയിൽ വരുന്ന സി.ഡി.എസ്സുകളുമായി ചേർന്ന് അവലോകനം നടത്തണം. അതാതുമാസം സി.ഡി.എസ്സിലെ സംരംഭകർക്കും സി.ഡി.എസ്സിനും ലഭ്യമാക്കിയിട്ടുള്ള പിന്തുണാ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് സി.ഡി.എസ്സിന് സമർപ്പിക്കുകയും സി.ഡി.എസ് ഭരണസമിതി യോഗത്തിൽ എം.ഇ.സി ഗ്രൂപ്പിന്റെ പ്രതിനിധി റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്യണം.

3 മാസത്തിലൊരിക്കൽ എം.ഇ.സി ഗ്രൂപ്പിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തൽ റിപ്പോർട്ട് സി.ഡി.എസ് ജില്ലാ മിഷന് സമർപ്പിക്കണം. എം.ഇ.സി ഗ്രൂപ്പിന്റെ പ്രവർത്തനം തൃപ്തികരമല്ലെങ്കിൽ ആയത് ഏതു മേഖലയിലാണ് എന്നത് വ്യക്തമായി പ്രതിപാദിക്കണം.

### 9.1.2. ജില്ലാ മിഷൻതലത്തിൽ

- എം.ഇ.സി ഗ്രൂപ്പ് പ്രതിമാസ പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കേണ്ടതും ബാങ്ക് സ്റ്റേറ്റ്മെന്റിനോടൊപ്പം റിപ്പോർട്ട് 5-ാം തീയതിക്കുള്ളിൽ ജില്ലാ മിഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.
- ജില്ലാമിഷൻതലത്തിൽ എം.ഇ.സി ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്. പ്രസ്തുത യോഗത്തിൽ ക്ലസ്റ്റർ പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകുന്നതിന് ആവശ്യമായ തന്ത്രങ്ങൾ മെനയൽ, ഭാവി പരിപാടികൾ, മാസച്ചന്തകൾ സംഘടിപ്പിക്കൽ, സംരംഭവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, പ്രോജക്ട് തയ്യാറാക്കൽ, നൂതന മേഖലകൾ കണ്ടെത്തൽ, സാമ്പത്തിക ക്രയവിക്രയങ്ങൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യേണ്ടതാണ്. തീരുമാനങ്ങളും പ്രവർത്തന വിലയിരുത്തൽ റിപ്പോർട്ടും സംസ്ഥാനമിഷന് സമർപ്പിക്കേണ്ടതാണ്. ഏതെങ്കിലും

എംഇസി ഗ്രൂപ്പിന്റെയോ ഗ്രൂപ്പ് അംഗത്തിന്റെയോ പ്രവര്‍ത്തനം തൃപ്തികരമല്ലെങ്കില്‍ ഏതൊക്കെ മേഖലയിലാണ് അവര്‍ക്ക് പരിശീലനം ആവശ്യമാണെന്നുള്ളത് പ്രത്യേകം പരാമര്‍ശിക്കേണ്ടതാണ്.

- 3 മാസത്തിലൊരിക്കല്‍ എം.ഇ.സി ഗ്രൂപ്പിന്റെ പ്രവര്‍ത്തന വിലയിരുത്തല്‍ സി.ഡി.എസ് റിപ്പോര്‍ട്ടുകളുടെ അടിസ്ഥാനത്തില്‍ സമഗ്രമായ വിലയിരുത്തല്‍ ജില്ലാ മിഷനില്‍ സംഘടിപ്പിക്കേണ്ടതാണ്.

### 9.1.3. സംസ്ഥാന മിഷന്‍ തലത്തില്‍

3 മാസത്തിലൊരിക്കല്‍ എം.ഇ.സി ഗ്രൂപ്പിന്റെ പ്രവര്‍ത്തനം വിലയിരുത്തുന്നതിന് സംസ്ഥാനതലത്തില്‍ യോഗം ചേരേണ്ടതാണ്. പ്രസ്തുത യോഗത്തില്‍ സംസ്ഥാനതല എം.ഐ.എസ്സിനെ അടിസ്ഥാനപ്പെടുത്തിയും ജില്ലാമിഷനില്‍ നിന്ന് ലഭ്യമാകുന്ന ദ്വൈമാസ വിലയിരുത്തല്‍ റിപ്പോര്‍ട്ടിനെ അടിസ്ഥാനപ്പെടുത്തിയും അവലോകനം നടത്തേണ്ടതാണ്.

## 9.2 പ്രവര്‍ത്തനങ്ങള്‍ വിലയിരുത്തുന്നതിനുള്ള നിര്‍ദ്ദേശങ്ങള്‍

എം.ഇ.സി ഗ്രൂപ്പുകളേയും അംഗങ്ങളെയും പ്രത്യേകം വിലയിരുത്തുന്നതിന് ചുവടെ ചേര്‍ക്കുന്ന കാര്യങ്ങള്‍ കണക്കിലെടുക്കാവുന്നതാണ്.

### 9.2.1. വിവിധ പരിശീലനങ്ങള്‍ (ജി.ഒ.റ്റി, ഇ.ഡി.പി, അക്കൗണ്ടിംഗ് തുടങ്ങിയവ)

9.2.1.1. പരിശീലകരുടെ നേതൃത്വവും പരിശീലന ഗുണനിലവാരവും വിലയിരുത്തേണ്ടതാണ്. ഇത് ഗുണഭോക്താക്കളില്‍ നിന്നും നിശ്ചിത മാതൃകയില്‍ എഴുതി വാങ്ങണം. (ഇതിനുള്ള ചോദ്യാവലി സംസ്ഥാന മിഷനില്‍ നിന്നും ലഭ്യമാക്കുന്നതാണ്).

9.2.1.2. പരിശീലനത്തെക്കുറിച്ച് പ്രീ. ഇവാലുവേഷനും പോസ്റ്റ് ഇവാലുവേഷനും നടത്തണം.( ചുമതല എം.ഇ.സി ഗ്രൂപ്പിന്)

9.2.1.3. പരിശീലകര്‍ പരിശീലനത്തില്‍ സമയനിഷ്ഠ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തണം (ചുമതല സി.ഡി.എസ്സിന്)

9.2.1.4. നിശ്ചിത മൊഡ്യൂൾ പ്രകാരം തന്നെയാണോ പരിശീലനം നൽകിയത് എന്ന് ഉറപ്പുവരുത്തണം. മൊഡ്യൂളിൽ ഏതെങ്കിലും വിഷയം വിട്ടുകളഞ്ഞിട്ടുണ്ടോ എന്ന് പരിശോധിക്കണം (മേൽനോട്ടചുമതല ജില്ലാ മിഷന്)

9.2.1.5. പരിശീലനത്തിനിടയിലുള്ള ഗുണഭോക്താക്കളുടെ കൊഴിഞ്ഞുപോക്കിന്റെ അളവ് (ചുമതല സി.ഡി.എസ്സ്)

9.2.1.6. ഗുണഭോക്താവ്, സി.ഡി.എസ്സ്, പഞ്ചായത്ത്/ നഗരസഭ അധികൃതരോടുള്ള പെരുമാറ്റം. (ചുമതല സി.ഡി.എസ്സ്)

9.2.1.7. പരിശീലന വിഷയങ്ങളിൽ ആവർത്തന വിരസത ഒഴിവാക്കുന്നതിനും, ഗുണഭോക്താക്കളിൽ താൽപര്യം ജനിപ്പിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം. (മേൽനോട്ട ചുമതല സി.ഡി.എസ്സ്)

9.2.1.8. പ്രീ.ജി.ഒ.റ്റി കഴിഞ്ഞ് എത്രത്തോളം സംരംഭകരാണ് തുടർപരിശീലനങ്ങളിൽ പങ്കെടുക്കുന്നത്.

9.2.1.9. സംരംഭ മേഖലയിലേയ്ക്ക് വരുവാൻ താൽപ്പര്യമില്ലാത്ത പരിശീലനാർത്ഥികളെ സംഘകൃഷി, വേതനാധിഷ്ഠിത തൊഴിലുകൾ, സ്കിൽ ട്രെയിനിംഗ് & പ്ലെയ്സ്മെന്റ് എന്നീ മേഖലകളിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള ശ്രമം.

9.2.1.10. **പരിശീലനം നടത്തുന്ന കേന്ദ്രങ്ങളിൽ ജില്ലാ മിഷൻ നേരിട്ട് സന്ദർശിച്ച് ഗുണഭോക്താക്കളുടെ അഭിപ്രായം ആരായണം.**

9.2.1.11. പരിശീലനാർത്ഥികളുടെ എണ്ണവും, വിശദവിവരങ്ങളും രേഖപ്പെടുത്തുന്നതിനുള്ള എം.ഐ.എസ് സംസ്ഥാന മിഷൻ വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത എം.ഐ.എസിൽ എംഇസി ഗ്രൂപ്പുകൾ വിവരം അപ്‌ലോഡ് ചെയ്യേണ്ടതാണ്.

9.2.1.12. പരിശീലനം പൂർത്തിയായ സംരംഭകരെ position ചെയ്യുന്നതിന് എംഇസി ഗ്രൂപ്പ് എടുക്കുന്ന തുടർ നടപടികൾ വിലയിരുത്തേണ്ടതാണ്. വൈദഗ്ധ്യ പരിശീലനം കഴിഞ്ഞ് എത്ര കാലയളവിനുള്ളിലാണ് സംരംഭകരെ പൊസിഷൻ ചെയ്തത് എന്നത് അടിസ്ഥാനമാക്കിയാണ് വിലയിരുത്തേണ്ടത്. (മേൽനോട്ട ചുമതല ജില്ലാമിഷൻ)

### 9.2.2. സംരംഭങ്ങളുടെ ക്ലസ്റ്ററിംഗ്

9.2.2.1 എത്രത്തോളം സംരംഭങ്ങളെ ക്ലസ്റ്ററിംഗിനുവേണ്ടി ശുപാർശ ചെയ്യിക്കുവാൻ സാധിച്ചു.

9.2.2.2 എത്രമാത്രം സാധ്യതാ പഠനം, യൂണിറ്റുകളുടെ അവസ്ഥാ പഠനം, അനുവർത്തിക്കേണ്ട മാനദണ്ഡങ്ങൾ എന്നിവ പരിശോധിച്ചിട്ടാണ് ക്ലസ്റ്ററിംഗിനുവേണ്ടി ശുപാർശ ചെയ്തിരിക്കുന്നത് എന്ന് പരിശോധിക്കണം.

9.2.2.3 ക്ലസ്റ്ററിംഗ് ചെയ്യാൻ പറഞ്ഞിരിക്കുന്ന സംരംഭങ്ങളുടെ പ്രൊഡക്ഷൻ പ്രോട്ടോകോൾ ഉണ്ടാക്കുന്നതിനുവേണ്ടി ചെയ്തിരിക്കുന്ന പ്രയത്നം.

9.2.2.4 ക്ലസ്റ്ററിങ്ങിന് നിർദ്ദശിക്കുന്ന ഉല്പന്നത്തിന്റെ വിപണന മൂല്യം/ ആവശ്യകത എത്രത്തോളം ഉണ്ട് എന്നതിനെ പരിശോധിച്ചത്.

9.2.2.5 ഉല്പന്നം ഹോംഷോപ്പ്, മാസച്ചന്ത, മറ്റ് വിപണി എന്നിവയിൽ എത്രത്തോളം ചിലവാകും എന്നുള്ള വിപണി സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ?

9.2.2.6 സംയോജന സാധ്യതയുള്ള പ്രൊജക്റ്റുകൾ തയ്യാറാക്കുന്നതിൽ എത്രത്തോളം ഇടപെടൽ സാധിച്ചു.

### 9.2.3 പെർഫോമൻസ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം (PIP)

9.2.3.1. സംരംഭം തുടങ്ങിയ എത്രത്തോളം സംരംഭകരെ PIP യിൽ പങ്കെടുപ്പിച്ചു.

9.2.3.2. PIP യിൽ പങ്കെടുത്തതു വഴി സംരംഭകർക്കുണ്ടായ/സംരംഭങ്ങൾക്കുണ്ടായ മാറ്റം.

9.2.3.3. PIP യ്ക്ക് ശുപാർശ ചെയ്തിരിക്കുന്ന മേഖലകളിലെ വൈവിദ്ധ്യം

### 9.2.4. തുടർപിന്തുണാസംവിധാനം (Hand holding support)

9.2.4.1 എം.ഇ.സി.യുടെ ഇടപെടൽകൊണ്ട് മാത്രം നിലനിന്നതും മെച്ചപ്പെട്ടതുമായ എത്ര സംരംങ്ങൾ.

9.2.4.2 എത്ര സംരംഭങ്ങൾ കണക്കെഴുത്ത് മാനദണ്ഡത്തിലേക്ക് വന്നു.

9.2.4.3 മാസചന്ത/മറ്റ് വിപണി എന്നിവയിലൂടെ വിപണനം എത്ര കണ്ട് വർദ്ധിച്ചു.

9.2.4.4 എത്രസംരംഭങ്ങൾക്ക് ശരിയായ രീതിയിൽ വില നിർണ്ണയം നടത്തി

9.2.4.5 SKU മാറ്റം വരുത്തേണ്ട സംരംഭങ്ങളെ എത്രവണ്ണം കണ്ടെത്തി, എത്ര എണ്ണം മാറ്റം വരുത്തി വിജയിപ്പിച്ചു.

9.2.4.6 എത്ര ഉല്പന്നങ്ങൾ ബ്രാന്റിംഗ് ചെയ്ത് വിപണിയിൽ എത്തിക്കുവാൻ സാധിക്കും എന്നതിന്റെ റിപ്പോർട്ട് ജില്ലാ മിഷന് കൈമാറിയിട്ടുണ്ട്.

9.2.4.7 എത്ര ഉല്പന്നം IITF തുടങ്ങിയ അന്തർദേശീയ മേളകളിൽ വിപണനം നടത്തുന്നതിനുള്ള ഗുണനിലവാരത്തിൽ എത്തിക്കുന്നതിന് കഴിഞ്ഞു.

9.2.4.8 അർഹതയുള്ള എത്ര സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്, രണ്ടാം ഘട്ട ധനസഹായം, ടെകേനോളജി അപ്ഗ്രഡേഷൻ ഫണ്ട് എന്നിവ നല്കുവാൻ സാധിച്ചു.

### 9.2.5. വിപണനം (മാസചന്ത)

9.2.5.1 മൂന്ന് തലങ്ങളിലും കൂടി എത്രമാസചന്ത നടത്തുവാൻ സാധിച്ചു.

9.2.5.2 ഓരോ ചന്തയിലും പങ്കാളിത്തത്തിലുണ്ടായ സംരംഭകരുടെ വർദ്ധനവ്.

9.2.5.3 എം.ഇ. ഗ്രൂപ്പ് സപ്പോർട്ട് ചെയ്യുന്ന എത്ര സംരംഭങ്ങൾ സ്ഥിരമായി ചന്തയിൽ വരുന്നു

9.2.5.4 ഓരോ ചന്തയിലും വിൽപനയിൽ ഉണ്ടാകുന്ന ക്രമാനുഗതമായ വർദ്ധനവ്.

9.2.5.5 വിപണിയിൽ എത്തുന്ന ഉൽപന്നങ്ങൾ എത്രത്തോളം ഗുണമേന്മ പുലർത്തുന്നു എന്നതിന്റെ പരിശോധന.

9.2.5.6 ഉൽപ്പന്നങ്ങൾ മറ്റ് സ്ഥലങ്ങളിൽ നിന്ന് ഏറ്റെടുത്ത് കൊണ്ടുവന്ന് വിപണനം നടത്തുവാൻ എത്ര കണ്ട് സാധിച്ചു.

9.2.5.7 സംഘകൃഷിഗ്രൂപ്പുകളുടെ എത്ര ഉല്പന്നങ്ങൾ ഓരോ വിപണിയിലും എത്തിക്കാൻ സാധിച്ചു.

9.2.5.8 മാസചന്തയിലെ ഉൽപ്പന്നങ്ങളുടെ വിലനിലവാരവും പൊതുമാർക്കറ്റിലെ അതേ ഉൽപന്നത്തിന്റെ വിലനിലവാരവും തമ്മിലുള്ള അന്തരം.

9.2.5.9 ഉപഭോക്താവിൽ നിന്നുള്ള പ്രതികരണം നിശ്ചിത മാതൃകയിൽ എഴുതി വാങ്ങിയത്.

9.2.5.10 എത്രകണ്ട് ജനങ്ങളെ ആകർഷിക്കാൻ സാധ്യതയുള്ള സ്ഥലത്താണ് വിപണനം നടത്തുന്നത്.

9.2.5.11 ഓരോ തവണയും മാസചന്തയിൽ സന്ദർശിക്കാൻ എത്തുന്നവരുടെ എണ്ണത്തിലുണ്ടാവുന്ന വർദ്ധനവ്.

9.2.5.12 മാസചന്തയിൽ നിന്ന് ആഴ്ച ചന്ത തുടർന്ന് സ്ഥിരം വിപണന സംവിധാനം എന്ന ലക്ഷ്യം കൈവരിക്കൽ – എത്ര സാധിച്ചു

9.2.5.13 ഒരു ബ്ലോക്കിൽ ഒരു സ്ഥിരം വിപണനകേന്ദ്രം എന്ന ലക്ഷ്യം നേടാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ

### 9.2.6 പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കൽ

9.2.6.1 പ്രൊജക്റ്റുകൾ തയ്യാറാക്കുന്നത് ആർ.എം.ഇ. പുതുക്കിയ ഗൈഡ്ലൈൻപ്രകാരം ആണോ ?

9.2.6.2 ഒരു ഗുണഭോക്താവിന് എറ്റവും ചുരുങ്ങിയത് ഒരു മാസം 4000 രൂപയെങ്കിലും അധികവരുമാനം ഉറപ്പുവരുത്താൻ സാധിക്കുന്നുണ്ടോ?

9.2.6.3 സബ്സിഡി ലഭിക്കുന്ന പ്രോജക്ടുകൾ എത്ര കൂടുതൽ കാലം ലാഭകരമായി പ്രവർത്തിക്കുന്നു ?

9.2.6.4 നൂതന ആശയങ്ങൾ ഉള്ള എത്ര പ്രൊജക്റ്റുകൾ നടപ്പിലാക്കാൻ സാധിച്ചു?

9.2.6.5 സബ്സിഡി തിരിച്ചുപിടിക്കാൻ ഇടയാക്കിയ സംരംഭങ്ങൾ എത്രയാണ്?

9.2.6.6 എത്ര സംരംഭങ്ങൾ എല്ലാ വർഷവും ആഡിറ്റിംഗ് നടത്തി

9.2.6.7 എത്ര സംരംഭങ്ങൾ നിയമപരമായ എല്ലാ ലൈസൻസിംഗും എടുത്ത് പ്രവർത്തിക്കുന്നു.

9.2.6.8 യുവശ്രീ പദ്ധതി പ്രകാരം കാർഷിക മേഖലയിൽ സംരംഭം ചെയ്യുവാൻ സാധിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച്

9.2.6.9 എത്ര കുറവ് ശതമാനം പലിശയ്ക്കാണ് സംരംഭങ്ങൾക്ക് ലോൺ വാങ്ങി നൽകിയത് എന്നതിനെ ആശ്രയിച്ച് (7% –12%)

**9.2.7 ബിസിനസ്സ് കൗൺസലിംഗ്**

9.2.7.1 എത്ര സംരംഭങ്ങൾക്ക് ബിസിനസ്സ് കൗൺസലിംഗ് നടത്തി ഉന്നമനം ഉറപ്പുവരുത്തുവാൻ സാധിച്ചു.

9.2.7.2 നഷ്ടത്തിലേക്ക്/അടച്ചു പൂട്ടാൻ പോകുന്ന എത്ര സംരംഭങ്ങൾക്ക് പുനർജീവനം നൽകുവാൻ സാധിച്ചു.

9.2.7.3 പ്രോജക്ററ് ആശയങ്ങൾ മാറ്റേണ്ട എത്ര സംരംഭങ്ങൾ കണ്ടെത്തി രണ്ടാംഘട്ട ധനസഹായം നൽകുവാൻ സാധിച്ചു.

9.2.7.4 ഉല്പന്നങ്ങളുടെ വിലനിലവാരം മാറ്റേണ്ട എത്ര സംരംഭങ്ങൾക്ക് വിലനിലവാരം മാറ്റി ലാഭകരമാക്കുവാൻ സാധിച്ചു.

**9.2.8 പഞ്ചായത്ത് തല ലൈവ്ലിഹുഡ് ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കൽ**

9.2.8.1 സി.ഡി.എസ്സ്, ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിൽ പങ്കാളിത്തം ഉറപ്പുവരുത്തൽ.

9.2.8.2 സി.ഡി.എസ്സ്, ആക്ഷൻ പ്ലാനിൽ പറഞ്ഞിരിക്കുന്ന പിന്തുണ സഹായങ്ങൾ, പരിശീലനങ്ങൾ സംരംഭങ്ങൾ ഉണ്ടാക്കുന്നത്, വിപണനം, ഗുണനിലവാരം ഉറപ്പുവരുത്തൽ തുടങ്ങിയവ എത്രത്തോളം ഓരോ സി.ഡി.എസ്സിനും തിരിച്ച് നേടിയെടുക്കാനായിട്ട് സാധിച്ചു.

9.2.8.3 പ്രാദേശിക സാമ്പത്തിക വികസനം അടിസ്ഥാനമാക്കി സൂക്ഷ്മ സംരംഭ വികസന പരിപാടി തയ്യാറാക്കി നടപ്പിലാക്കി.

## 9.3. സേവനഗുണപരതാ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരു ത്തുന്നതെങ്ങനെ?

എം.ഇ.സി.മാർ നൽകുന്ന സേവനങ്ങളെ 3 തലങ്ങളിലായി തിരിച്ചിട്ടാണ് ഗുണപരതാമാനദണ്ഡങ്ങൾ കണക്കാക്കിയിരിക്കുന്നത്. ആയതിനാൽ 3 തലങ്ങ ളിലും ഗുണപരതാമാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

### 9.3.1 സി.ഡി. എസ്സ് തലം

- എം.ഇ.സി.മാർ തന്റെ പ്രവർത്തനമേഖലയിൽ വരുന്ന സി ഡി എസ്സുകൾക്ക് നിശ്ചിതമാതൃകയിൽ പ്രവർത്തന റിപ്പോർട്ട് എല്ലാ മാസവും നൽകേണ്ടതാണ്.
- ഇതിന്റെ ഒരു പകർപ്പ് MEC ഗ്രൂപ്പിന്റെ കയ്യിലും ഉണ്ടാവണം.
- ഇത് എല്ലാ മാസവും സി.ഡി.എസ്സ് ME സബ്കമ്മിറ്റി ചർച്ച ചെയ്യണം.
- പ്രവർത്തനങ്ങൾ അവലോകനം ചെയ്യുവാൻ സംരംഭകഗ്രൂപ്പിലെ പ്രതിനിധി കളെ മാസത്തിലൊരിക്കൽ ME സബ്കമ്മിറ്റിയുടെ നേതൃത്വത്തിൽ വിളിച്ചുവ രുത്തുകയും പ്രവർത്തന റിപ്പോർട്ട് ചർച്ച ചെയ്യുകയും വേണം ഇതിൽ സി. ഡി.എസ്സ് ചെയർ പേഴ്സൻ സന്നിഹിതരായിരിക്കുകയും വേണം. എം.ഇ.സി. യോട് ഈ മീറ്റിംഗിൽ പങ്കെടുക്കുവാൻ CDS ന് ആവശ്യപ്പെടാവുന്നതാണ്.

### 9.3.2. ജില്ലാതലം

- 3 മാസത്തിലൊരിക്കൽ ജില്ലാ മിഷൻ MEC മാരുടെ പ്രവർത്തനങ്ങൾ വിശക ലനം ചെയ്യേണ്ടതാണ്. ഇതിൽ സിഡിഎസ് സമർപ്പിക്കുന്ന റിപ്പോർട്ടും എല്ലാ മാസവും എംഇസി മാർ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലായിരിക്കണം വിലയിരുത്തൽ.
- എല്ലാ മാസവും ജില്ലാമിഷന്റെ നേതൃത്വത്തിൽ എം.ഇ.പി.ആർ.എം. വിളിച്ചു ചേർക്കേണ്ടതാണ്. ഇതിൽ സി.ഡി.എസ്സിൽ നിന്നും എം.ഇ.സബ്കമ്മിറ്റി കൺവീനർമാർ, എം.ഇ.സി.ഗ്രൂപ്പിന്റെ പ്രസിഡണ്ട്/സെക്രട്ടറി, ജില്ലാമിഷനിൽ നിന്നും സംരംഭം–വിപണിയുടെ ചുമതലയുള്ള അസി.ജില്ലാമിഷൻ കോർഡി നേറ്റർമാരും കൺസൽട്ടന്റ്മാരും പങ്കെടുക്കേണ്ടതാണ്. ഈ യോഗത്തിൽ എംഇസി മാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും മറ്റു സിഡിഎസ്സുകളിൽ അനുവർത്തിക്കേണ്ട മികച്ച പ്രവർത്തനങ്ങൾ പ്രത്യേകം പരാമർശിക്കേണ്ടതും ഡോക്യുമെന്റ് ചെയ്യേണ്ടതുമാണ്.

- എല്ലാമാസവും 5–ാം തിയ്യതിക്കുള്ളിൽ എം.ഇ.സി.ഗ്രൂപ്പിന്റെ ലീഡർമാർ അവരുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള കൺസോളിഡേറ്റ് റിപ്പോർട്ട് ജില്ലാമിഷനിൽ സമർപ്പിക്കേണ്ടതാണ്. ഇതും ME PRM ൽ ചർച്ച ചെയ്യപ്പെടേണ്ടതാണ്.
- എംഇസിമാർ പരിശീലനത്തിന്റെയും തുടർസഹായങ്ങളുടെയും വിവരങ്ങൾ കുടുംബശ്രീ എം.ഐ.എസ്സിൽ അപ്ഡേറ്റ് ചെയ്യുന്നതിന്റെ റിപ്പോർട്ടും ഇതിനോടൊപ്പം ചർച്ച ചെയ്യേണ്ടതാണ്.
- ആവശ്യമെങ്കിൽ ജില്ലാമിഷന് എം.ഇ.സിമാരുടെ പ്രവർത്തന മേഖലതിരിച്ച് PRM വിളിക്കാവുന്നതാണ്.
- എം.ഇ.സി.ഗ്രൂപ്പുകൾ പരിശീലനത്തിൽ മാത്രം ഒതുങ്ങാതെ മറ്റ് പ്രവർത്തനങ്ങൾക്കും കൂടി സമയം കണ്ടെത്തുന്നു എന്ന് ജില്ലാമിഷൻ MEPRM ൽ വിശകലനം ചെയ്യേണ്ടതാണ്.

**9.3.3 സംസ്ഥാനതലം**

മൂന്ന് മാസത്തിലൊരിക്കൽ സംസ്ഥാനമിഷന്റെ നേതൃത്വത്തിൽ MEC മാരുടെ പ്രവർത്തനം അവലോകനം ചെയ്യുവാൻ യോഗം ചേരേണ്ടതാണ്.

**9.3.3.1 ഈ യോഗത്തിൽ പങ്കെടുക്കേണ്ട ആളുകൾ**

- ➢ പ്രോഗ്രാം ഓഫീസർ, എം.ഇ
- ➢ എ.ഡി.എം.സി., എം.ഇ
- ➢ എം.ഇ.കൺസൽട്ടന്റ്, സ്റ്റേറ്റ് മിഷൻ
- ➢ എം.ഇ.കൺസൽട്ടന്റ്, ജില്ലാ് മിഷൻ
- ➢ ഓരോ ജില്ലയിലും സംരംഭമേഖലയിൽ ഏറ്റവും നന്നായി പ്രവർത്തനം കാഴ്ചവെക്കുന്നു. സി.ഡി.എസ്സിലെ സൂക്ഷ്മ സംരംഭ കൺവീനർ.
- ➢ എം.ഇ.സി.ഗ്രൂപ്പിനെ പ്രതിനിധീകരിച്ച് പ്രസിഡന്റ്, സെക്രട്ടറി

സംസ്ഥാനതലത്തിൽ നടത്തുന്ന അവലോകനയോഗത്തിൽ ഏറ്റവുമധികം വരുമാനം ലഭ്യമാക്കിയ MEC മാരുടെ പ്രവർത്തനം പ്രത്യേകം ചർച്ച ചെയ്യേണ്ടതാണ്. മറ്റു ജില്ലകൾക്ക് അനുകരിക്കാവുന്ന പ്രവർത്തനം ആണെങ്കിൽ ഈ രീതി പുന്തുടരാൻ മീറ്റിംഗിൽ തീരുമാനമെടുക്കേണ്ടതാണ്. മികച്ച പ്രവർത്തനങ്ങൾ ജില്ലാ മിഷൻ ഡോക്യുമെന്റ് ചെയ്യേണ്ടതാണ്.

## 10. എം.ഇ.സി. ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളിൽ വരുന്ന പ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരം കണ്ടെത്താം.

എം.ഇ.സി. ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളിൽ വരുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ 3 തലങ്ങളിലും പ്രശ്നപരിഹാരസെൽ രൂപീകരിക്കേണ്ടതാണ്.

### 10.1. സംരംഭകരും എം.ഇ.സി ഗ്രൂപ്പും തമ്മിലുള്ള പ്രശ്നങ്ങൾ

ഇതിന്റെ പ്രശ്നപരിഹാരം സി.ഡി.എസ്സ് തലത്തിൽ ആണ് കണ്ടെത്തേണ്ടത്. താഴെപ്പറയുന്നവർ അംഗങ്ങളായ സി.ഡി.എസ്തല പ്രശ്നപരിഹാരസെൽ ഇതിന് നേതൃത്വം കൊടുക്കേണ്ടതാണ്.

1. സി.ഡി.എസ്സ് ചെയർപേഴ്സൺ
2. എം.ഇ.സബ്കമ്മിറ്റി കൺവീനർ
3. മെമ്പർ സെക്രട്ടറി

പ്രശ്നം സി.ഡി.എസ്സിന്റെ മുൻപിൽ വരുമ്പോൾ അത് പരിശോധിക്കാൻ എം.ഇ. സബ്കമ്മിറ്റിയിലെ ഒരംഗത്തെ ചുമതലപ്പെടുത്തേണ്ടതാണ്. സി.ഡി.എസ് സെല്ലിന്റെ തീരുമാനം ജില്ലാമിഷന്റെ അംഗീകാരത്തോടുകൂടി മാത്രമേ നടപ്പാക്കാൻ പാടുള്ളൂ.

### 10.2. എം.ഇ.സി. ഗ്രൂപ്പും സി.ഡി.എസ്സും തമ്മിലുള്ള പ്രശ്നങ്ങൾ

എം.ഇ.സി ഗ്രൂപ്പും സി.ഡി.എസ്സും തമ്മിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത് ജില്ലാ മിഷനാണ്. ഇതിനായി ജില്ലാ മിഷന്റെ നേതൃത്വത്തിൽ പ്രശ്നത്തെക്കുറിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് തയ്യാറാക്കി വേണം പരിഹാര ചർച്ചയും നടപടികളും സ്വീകരിക്കേണ്ടത്. ഇതിനായി ഒരു ജില്ലാതലപ്രശ്നപരിഹാരസെൽ രൂപീകരിക്കേണ്ടതാണ്.

#### 10.2.1 ജില്ലാതലപ്രശ്നപരിഹാര സെൽ അംഗങ്ങൾ

- ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ
- അസി.ജില്ലാമിഷൻ കോ–ഓർഡിനേറ്റർ, എം.ഇ
- ഓഫീസ് സെക്രട്ടറിയേറ്റ് സ്റ്റാഫ്, എം.ഇ

ഇതിന്റെ പ്രശ്നപരിഹാരത്തിന്റെ റിപ്പോർട്ട് രേഖാമൂലം സി.ഡി.എസ്സിനും, എം.ഇ.സി.ഗ്രൂപ്പിനും നൽകേണ്ടതാണ്. ഏതെങ്കിലും എം.ഇ.സിയുടെ കാര്യത്തിൽ പ്രശ്നങ്ങൾ തുടർച്ചയായി വരികയാണെങ്കിൽ അത് പ്രത്യേകം പരിശോധിക്കപ്പെടേണ്ടതാണ്.

### 10.3. എം.ഇ.സി.ഗ്രൂപ്പും ജില്ലാമിഷനും തമ്മിലുള്ള പ്രശ്നങ്ങൾ

എം.ഇസി ഗ്രൂപ്പും ജില്ലാ മിഷനും തമ്മിലുണ്ടാകുന്ന തർക്കങ്ങൾ, പിണക്കങ്ങൾ, അഭിപ്രായവ്യത്യാസങ്ങൾ ഇവ പരിഹരിക്കേണ്ട ചുമതല സംസ്ഥാന മിഷനായിരിക്കും. ഇതിന്റെ പ്രശ്നപരിഹാരം സംസ്ഥാന മിഷനിൽ ആണ് കണ്ടെത്തേണ്ടത്. അതിൽ അംഗങ്ങൾ

1. ഡയറക്ടർ, കുടുംബശ്രീ
2. പ്രോഗ്രാം ഓഫീസർ , എം.ഇ
3. ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ്, എം.ഇ.

ആവശ്യമെങ്കിൽ സംസ്ഥാനമിഷനിലെ എം.ഇ.കൺസൽട്ടിനെകൊണ്ട് പരാതി പരിശോധിപ്പിക്കാവുന്നതാണ്.

## 11. എം.ഇ.സി ഗ്രൂപ്പുകൾക്ക് കുടുംബശ്രീ മിഷന്റെ പിന്തുണാ സംവിധാനങ്ങൾ

എം.ഇ.സി.മാരുടെ ഗ്രൂപ്പ് രൂപീകരണത്തിനും സ്വയംതൊഴിൽ സംരംഭങ്ങൾ എന്ന നിലയിൽ ഗ്രൂപ്പുകളെ പ്രവൃത്തിപഥത്തിൽ എത്തിക്കുന്നതിനും കുടുംബശ്രീ മിഷന്റെ പ്രത്യേകിച്ച് ജില്ലാമിഷനുകളുടെ കാര്യക്ഷമമായ ഇടപെടൽ ആവശ്യമുണ്ട്. ഗ്രൂപ്പ് രൂപീകരണത്തിന്റെ രീതിശാസ്ത്രം സെക്ഷൻ 3 ൽ പ്രതിപാദിച്ചിട്ടുണ്ട്. സി.ഡി.എസ്സുകളുമായി ബന്ധപ്പെട്ട് നിലവിലുള്ള എം.ഇ.സി മാരെ ഗ്രൂപ്പുകളായി രൂപീകരിച്ച് പ്രവൃത്തിപഥത്തിൽ എത്തിക്കുന്നതിന് വേണ്ട നടപടികൾ ജില്ലാ മിഷനുകൾ സ്വീകരിക്കേണ്ടതാണ്.

എം.ഇ.സി ഗ്രൂപ്പ് രൂപീകരണത്തിന്റെ പ്രാരംഭ നടപടികൾ പൂർത്തിയായാൽ ഉടൻതന്നെ അഫിലിയേഷനുള്ള അപേക്ഷ ഗ്രൂപ്പ് ജില്ലാ മിഷന് സമർപ്പിക്കേണ്ടതും ജില്ലാ മിഷൻ അഫിലിയേഷൻ നടപടികൾ താമസം വിനാ പൂർത്തീകരിക്കേണ്ടതുമാണ്.

### 11.1. സാമ്പത്തിക പിന്തുണ

എം.ഇ.സി ഗ്രൂപ്പംഗങ്ങൾ എല്ലാം തന്നെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ളവരായതിനാൽ ആവശ്യം വരുന്ന മൂലധനം സ്വരൂപിക്കുക അത്ര കണ്ട് എളുപ്പമല്ല. എന്നാൽ ക്ലസ്റ്റർ രുപീകരണത്തിനും അവ പ്രവൃത്തി പഥത്തിൽ കൊണ്ടുവരുന്നതിനും മൂലധനം സ്വരൂപിക്കുക ആവശ്യവുമാണ്. നിലവിലുള്ള റിവോൾവിംഗ് ഫണ്ട് മാനദണ്ഡ പ്രകാരം എം.ഇ.സി ക്ലസ്റ്റർ രൂപീകരണത്തിന് റിവോൾവിംഗ് ഫണ്ട് നൽകുക സാധ്യമല്ല. ആയതിനാൽ എം.ഇ.സിമാർ നേരിട്ടേക്കാവുന്ന സാമ്പത്തിക പ്രതിസന്ധികൾ തരണം

ചെയ്യുന്ന തരത്തിൽ ഒരു പുതിയ ഫണ്ടിംഗ് സംവിധാനം രൂപപ്പെടുത്തേണ്ടത് അനിവാര്യമാണ്.

### 11.1.1 പ്രൊമോഷൻ ഫണ്ട്

എം.ഇ.സി ഗ്രൂപ്പുകൾ സ്വയംതൊഴിൽ സംരംഭങ്ങളായി സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും സമാഹരിക്കുന്നതിന് എം.ഇ.സി ഗ്രൂപ്പുകൾക്ക് പ്രൊമോഷൻ ഫണ്ട് നൽകാവുന്നതാണ്. ഇത് ഗ്രൂപ്പ് രൂപീകരണ സമയത്ത് നൽകേണ്ടതാണ്. ഇതിന് താഴെപ്പറയുന്ന രീതി അവലംബിക്കേണ്ടതാണ്.

- o അഫിലിയേഷൻ നമ്പർ ലഭ്യമായാൽ ഉടൻതന്നെ ആരംഭ മൂലധനമായി ഗ്രൂപ്പിലെ ഓരോ അംഗവും കുറഞ്ഞത് 1000 രൂപ വീതം നിക്ഷേപിച്ച് ഒരു ഗ്രൂപ്പ് ഫണ്ട് ആരംഭിക്കേണ്ടതാണ്.
- o ഗ്രൂപ്പ് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയുടെ ഇരട്ടിവരെ (പരമാവധി 50000 രൂപ അല്ലെങ്കിൽ ഒരംഗത്തിന് 5000 രൂപ വരെ എന്ന പരിധിക്കുള്ളിൽ) ജില്ലാമിഷനിൽ നിന്ന് **'എം.ഇ.സി പ്രൊമോഷൻ ഫണ്ട്'** എന്ന നിലയിൽ പലിശ രഹിത വായ്പ ഗ്രൂപ്പിന് നൽകാവുന്നതാണ്. (എം.ഇ.സി പ്രൊമോഷൻ ഫണ്ട് വിശദമാർഗ്ഗ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു).
- o പ്രസ്തുത തുക അനുവദിക്കുന്ന തീയതി മുതൽ 6 മാസത്തേക്കാണ് തിരിച്ചടവ് കാലാവധി. 6 മാസത്തിനുള്ളിൽ ഈ തുക ജില്ലാ മിഷൻ ഓഫീസിൽ അടയ്ക്കേണ്ടതാണ്.
- o എം.ഇ.സി പ്രൊമോഷൻ ഫണ്ട് അനുവദിച്ച് മൂന്നുമാസം പൂർത്തിയായതിനു ശേഷം കുടുംബശ്രീ സ്വയംതൊഴിൽ സംരംഭം എന്ന നിലയിൽ യുവശ്രീ / എസ്.എം.ഇ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകാവുന്നതാണ്.
- o എം.ഇ.സി പ്രൊമോഷൻ ഫണ്ട് തുക പൂർണ്ണമായും തിരിച്ചടച്ച ഗ്രൂപ്പുകൾക്കു മാത്രമേ യുവശ്രീ / എസ്.എം.ഇ പദ്ധതി സഹായത്തിന് അർഹതയുണ്ടാവുകയുള്ളൂ.
- o യുവശ്രീ / എസ്.എം.ഇ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നടപടികൾ പൂർത്തിയാക്കി വേണം എം.ഇ.സി ഗ്രൂപ്പ് സംരംഭങ്ങൾക്ക് ധനസഹായം അനുവദിക്കേണ്ടത്.
- o എം.ഇ.സി ഗ്രൂപ്പ് ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിനെ സംബന്ധിച്ച വിവരങ്ങൾ അഫിലിയേഷന് അപേക്ഷിക്കുന്ന സമയത്ത് ജില്ലാ മിഷന്

ലഭ്യമാക്കേണ്ടതും ഗ്രൂപ്പിന്റെ എല്ലാ സാമ്പത്തിക ഇടപാടുകളും പ്രസ്തുത അക്കൗണ്ട് വഴി മാത്രം നടത്തേണ്ടതുമാണ്. ബാങ്ക് അക്കൗണ്ട് മാറ്റേണ്ട സാഹചര്യത്തിൽ വിവരം ജില്ലാമിഷനെ അറിയിക്കേണ്ടതും അഫിലിയേഷൻ രേഖകളിൽ മാറിയ അക്കൗണ്ടിന്റെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്.

### 11.1.2. വർക്കിംഗ് ക്യാപ്പിറ്റൽ ഫണ്ട്

പരിശീലനത്തിനായി എംഇസിമാരുടെ സേവനം ആവശ്യമാകുന്ന സാഹചര്യത്തിൽ (ജിഒറ്റി, ഇഡിപി, കണക്കെഴുത്ത് പരിശീലനം തുടങ്ങിയവയ്ക്ക്) ജില്ലാ മിഷൻ നിയോഗിക്കുന്ന എംഇസി ഗ്രൂപ്പ് ബഡ്ജറ്റ് (പരിശീലന മാർഗ്ഗനിർദ്ദേശത്തിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച്) സമർപ്പിക്കുകയും പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് യഥാർത്ഥ ബില്ലുകളും വൗച്ചറുകളും സമർപ്പിക്കുമ്പോൾ കണക്ക്/അക്കൗണ്ട് ക്രമീകരിക്കുകയുമാണ് ചെയ്യുന്നത്. എന്നാൽ ഒരു നിശ്ചിത തുക പരിശീലനത്തിനും പ്രവർത്തനങ്ങൾക്കാവശ്യമായ പൊതുചെലവുകൾക്കും മുൻകൂർ നൽകേണ്ടത് അനിവാര്യമാണ്. ഇതിനായി എംഇസി ഗ്രൂപ്പ് ഒന്നിന് പരമാവധി 1 ലക്ഷം രൂപ വർക്കിംഗ് ക്യാപ്പിറ്റൽ ഫണ്ടായി നൽകണം.

- പ്രസ്തുത തുക ജില്ലാ മിഷൻ എം.ഇ.സി. ഗ്രൂപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.
- ജില്ലാ മിഷൻ പരിശീലനം എം.ഇസി ഗ്രൂപ്പിനെ ചുമതലപ്പെടുത്തുമ്പോൾ അംഗീകരിച്ച ബഡ്ജറ്റിന്റെ 25% തുക വർക്കിംഗ് ക്യാപ്പിറ്റൽ ഫണ്ടിൽ നിന്നും എംഇസി ഗ്രൂപ്പിന് പരിശീലനത്തിനായി വിനിയോഗിക്കാവുന്നതാണ്. പ്രസ്തുത തുക അംഗീകരിച്ച ബഡ്ജറ്റിനോടൊപ്പം ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ തുക പിൻവലിക്കുന്നതിനുള്ള സമ്മതപത്രം എംഇസി ഗ്രൂപ്പിന് നൽകണം.
- പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് യഥാർത്ഥ ബില്ലുകളുടെയും വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ അക്കൗണ്ടുകൾ ക്രമീകരിക്കേണ്ടതുമാണ്.
- ഇത്തരത്തിൽ ഓരോ പരിശീലനവും പൂർത്തിയാകുമ്പോൾ എംഇസി ഗ്രൂപ്പിന് യഥാർത്ഥത്തിൽ ചെലവായ തുക ഗ്രൂപ്പിന്റെ അക്കൗണ്ടിൽ ജില്ലാ മിഷൻ നിക്ഷേപിക്കേണ്ടതാണ്.
- പരിശീലനത്തിൽ നിന്നും അനുബന്ധ സേവനങ്ങളിൽ നിന്നും എംഇസി ഗ്രൂപ്പ് അംഗങ്ങൾക്ക് ലഭിക്കുന്ന വേതനത്തിൽ നിന്നും സെഷൻ 7 ൽ

പ്രതിപാദിച്ച പ്രകാരം 25% തുക റിസർവ്വ് ഫണ്ടായി പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

o ഒരു വർഷക്കാലയളവിലേയ്ക്കാണ് ഇത്തരത്തിൽ ഒരു സാമ്പത്തിക സഹായം ജില്ലാ മിഷൻ നൽകേണ്ടത്. ഒരു വർഷത്തിനുള്ളിൽ എംഇസി ഗ്രൂപ്പ് സ്വയംപര്യാപ്തമാവേണ്ടതാണ്. പിന്നീട് റിസർവ്വ് ഫണ്ടിൽ നിന്നും പരിശീലനത്തിനും ഇതര ആവശ്യങ്ങൾക്കുമുള്ള തുക ഗ്രൂപ്പ് കണ്ടെത്തേണ്ടതാണ്.

### 11.2. മറ്റു പിന്തുണകൾ

എം.ഇ.സി ഗ്രൂപ്പ് കാര്യക്ഷമമായും ലാഭകരമായും പ്രവർത്തിക്കുന്നതിന് ആവശ്യമായ സാമ്പത്തികേതര പിന്തുണ കുടുംബശ്രീ മിഷൻ കാലാകാലങ്ങളിൽ ആവശ്യാനുസരണം ലഭ്യമാക്കുന്നതാണ്.

- വൈദഗ്ധ്യ വികസന പരിശീലനങ്ങൾ
- സംരംഭമേഖലയിലെ നൂതന പ്രവണതകൾ മനസ്സിലാക്കുന്നതിനാവശ്യമായ നടപടികൾ
- ഉത്പ്പന്നങ്ങളുടെ വിപണി വികസനത്തിന് ആവശ്യമായ പിന്തുണ
- സാങ്കേതികവിദ്യ, നിയമപരമായ കാര്യങ്ങൾ, വിപണി വികസനം എന്നീ മേഖലകളിൽ പ്രത്യേക പരിശീലനങ്ങൾ

## 12. എം.ഇ.സി ഗ്രൂപ്പുകളുടെ വരുമാന സ്രോതസ്സ്

എം.ഇ.സി ഗ്രൂപ്പുകളുടെ വരുമാനം അവർ നൽകുന്ന വിവിധ സേവനങ്ങളുടെ പ്രതിഫലമായിരിക്കും. ആർക്കാണോ സേവനം ലഭ്യമാക്കുന്നത് അവരായിരിക്കും പ്രതിഫലവും നൽകുന്നത്.

- പരിശീലന പരിപാടികൾക്കുള്ള പ്രതിഫലം
- സംരംഭകർക്ക് നൽകുന്ന സേവനങ്ങൾക്കുള്ള ഫീസ്
- പഠനങ്ങൾ, സർവ്വേകൾ എന്നിവ നടത്തുന്നതിന് ലഭിക്കുന്ന പ്രതിഫലം
- കുടുംബശ്രീ മിഷൻ (സംസ്ഥാന/ജില്ലാ) എംഇസിമാരുടെ സേവനങ്ങൾക്ക് നൽകുന്ന ഓണറേറിയം

കുടുംബശ്രീ മിഷനു പുറത്തുള്ള സർക്കാർ/സർക്കാരിതര ഏജൻസികൾക്ക് നൽകുന്ന സേവനങ്ങൾക്ക് ഉചിതമായ പ്രതിഫലം ഉറപ്പുവരുത്തേണ്ടത് എം.ഇ.സി ഗ്രൂപ്പുകളുടെ ചുമതലയാണ്.

കുടുംബശ്രീ മിഷന്റെ വിവിധ ഘടകങ്ങൾക്ക് (സംസ്ഥാന മിഷൻ, ജില്ലാമിഷൻ, സി.ഡി.എസ്, സംരംഭ ഗ്രൂപ്പുകൾ) നൽകുന്ന സേവനങ്ങൾക്കുള്ള പ്രതിഫലം

കാലാകാലങ്ങളിൽ കുടുംബശ്രീ മിഷൻ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ ക്കനുസരിച്ചായിരിക്കും. നിലവിലുള്ള നിർദ്ദേശം അനുബന്ധമായി ചേർത്തിരിക്കുന്നു.

## 13. എം.ഇ.സി ഗ്രൂപ്പ് സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള പൊതു നിർദ്ദേശ ങ്ങൾ

എം.ഇ.സി ഗ്രൂപ്പുകളുടെ രൂപീകരണത്തിനു ശേഷം അവരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ജില്ലാ മിഷന്റെ ഭാഗത്തു നിന്നും സമഗ്രമായ ഇടപെടൽ ആവശ്യമാണ്. താഴെ പറയുന്ന പ്രകാരം പരിപാടികൾ ആവിഷ്കരിച്ച് ടി ഗ്രൂപ്പുകൾ സ്ഥായീസ്വഭാവമുള്ള സ്ഥാപനങ്ങളായി വളരുന്നതിനുള്ള ഇടപെടലുകൾ ജില്ലാ മിഷൻതലത്തിൽ നടത്തേണ്ടതാണ്.

1. ജില്ലയിലെ എം.ഇ.സി ഗ്രൂപ്പുകളുടെ പ്രത്യേക ശില്പശാല നടത്തി എം. ഇ.സി ഗ്രൂപ്പുകൾക്ക് ലഭ്യമായ അവസരങ്ങൾ മനസ്സിലാക്കുന്നതിനും കണ്ടെത്തുന്നതിനും, വിവിധ സേവനങ്ങളുടെ ഫീസ് നിരക്ക്, സ്വയം പ്രവർത്തനരീതി തുടങ്ങിയവ നന്നായി സ്വാംശീകരിക്കാൻ അവസരം നൽകുക.
2. മികച്ച രീതിയിൽ മറ്റുജില്ലകളിൽ എം.ഇ.സി ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നു വെങ്കിൽ അവരുടെ പ്രതിനിധികളെക്കൂടി ടി ശില്പശാലയിൽ പങ്കെടുപ്പി ക്കുക. അവരുടെ കഴിഞ്ഞ–നടപ്പുസാമ്പത്തിക വർഷത്തെ പ്രവൃത്തികൾ കണ്ടെത്തിയ രീതി, വരുമാനം തുടങ്ങിയവ അവതരിപ്പിക്കാനും ആശയ സംവാദത്തിനും അവസരം നൽകുക
3. സി.ഡി.എസ് ആക്ഷൻപ്ലാനിലൂടെ പുതിയ എം.ഇ കണ്ടെത്തുന്ന രീതി, നില വിലുള്ള എം.ഇ.കൾക്ക് പിന്തുണകൾ നിശ്ചയിക്കുന്നതെങ്ങനെ തുടങ്ങിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ എം.ഇ.സി ഗ്രൂപ്പിന് ഒരു പ്രവർത്തന പരി പാടി തയ്യാറാക്കാൻ ജില്ലാ മിഷൻ പരിശീലിപ്പിക്കുക.
4. സംരംഭരംഗത്ത് പ്രവർത്തിക്കുന്ന മറ്റ് ഏജൻസികൾ, വകുപ്പുകൾ എന്നിവ യുടെ സ്കീമുകൾ / പദ്ധതികൾ പരിചയപ്പെടുത്തുക. ഇവയിൽ നിന്നും എങ്ങനെ എം.ഇ.സി.കളുടെ സാധ്യത കണ്ടെത്താനാകും എന്ന് പറഞ്ഞു കൊടുക്കുക.
5. 20–25 പഞ്ചായത്തുകളിൽ ഒരു എം.ഇ.സി ഗ്രൂപ്പിന് എല്ലാ സംവിധാനങ്ങളി ലൂടെയും കണ്ടെത്താവുന്ന തൊഴിൽസാധ്യതയുടെ പട്ടിക തയ്യാറാക്കി കാണിച്ചുകൊടുക്കുക

# അനുബന്ധങ്ങൾ

1. എം.ഇ.സി പ്രൊമോഷൻ ഫണ്ട് മാർഗ്ഗനിർദ്ദേശങ്ങൾ
2. കുടുംബശ്രീ മിഷന് ലഭ്യമാക്കുന്ന സേവനങ്ങൾക്കുള്ള വ്യവസ്ഥകൾ
3. എം.ഇ.സി ഗ്രൂപ്പ് അഫിലിയേഷൻ അപേക്ഷാ ഫോറം
4. എം.ഇ.സി ഗ്രൂപ്പ് അഫിലിയേഷൻ സർട്ടിഫിക്കറ്റിന്റെ മാതൃക (ജില്ലാമിഷന്റെ ലെറ്റർഹെഡിൽ നൽകേണ്ടത്)
5. എം.ഇ.സി ഗ്രൂപ്പിലെ അംഗങ്ങൾ തമ്മിലുള്ള ആന്തരിക ഉടമ്പടിയുടെ മാതൃക

**അനുബന്ധം 1**

## എം.ഇ.സി പ്രൊമോഷൻ ഫണ്ട് മാർഗ്ഗനിർദ്ദേശങ്ങൾ

- എം.ഇ. സി പ്രമോഷൻ ഫണ്ട് ഒരു പലിശ രഹിത വായ്പയാണ്.
- കുടുംബശ്രീ ജില്ലാ മിഷനുകളിൽ എം.ഇ.സി ഗ്രൂപ്പായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗ്രൂപ്പുകൾക്ക് മാത്രമേ സഹായത്തിന് അർഹതയുള്ളൂ.
- അഫിലിയേഷൻ നമ്പർ നേടിയിട്ട് ഓരോ അംഗവും കുറഞ്ഞത് 1000/- രൂപ വീതം നിക്ഷേപിച്ച് ഗ്രൂപ്പ് ഫണ്ട് ആരംഭിച്ച് എം.ഇ.സി ഗ്രൂപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കണം.
- ഗ്രൂപ്പ് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയുടെ ഇരട്ടിവരെ (പരമാവധി 50000 രൂപ അല്ലെങ്കിൽ ഒരംഗത്തിന് 5000 രൂപ വരെ എന്ന പരിധിക്കുള്ളിൽ) പലിശ രഹിത വായ്പ ഗ്രൂപ്പിന് നൽകാവുന്നതാണ്.
- പ്രസ്തുത തുക അനുവദിക്കുന്ന തീയതി മുതൽ 6 മാസത്തേക്കാണ് തിരിച്ചടവ് കാലാവധി. ആറുമാസത്തിനുള്ളിൽ തന്നെ ഈ തുക തിരികെ ജില്ലാ മിഷൻ ഓഫീസിൽ അടയ്ക്കേണ്ടതുമാണ്.

### ഫണ്ട് വിനിയോഗം

എംഇസി ഗ്രൂപ്പ് രൂപീകരിച്ച് 6 മാസത്തേയ്ക്ക എം.ഇ.പ്രമോഷൻ ഫണ്ട് അനുവദിക്കേണ്ടത്. ചുവടെ ചേർക്കുന്ന ആവശ്യങ്ങൾക്കു മാത്രമേ ഈ തുക ഉപയോഗിക്കുവാൻ പാടുള്ളൂ.

- എം.ഇ.സി ഗ്രൂപ്പ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതുചെലവുകൾ വഹിക്കുന്നതിന് - യാത്രാചെലവുകൾ, ഫോട്ടോകോപ്പി, സ്റ്റേഷനറി, പ്രിന്റിംഗ് മുതലായവ
- വിവിധ പരിശീലനങ്ങൾ നടത്തുന്നതിനുള്ള ചെലവുകൾ വഹിക്കുന്നതിന്
- എം.ഇ.സി ഗ്രൂപ്പ് വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയാണെങ്കിൽ അതിന്റെ ചെലവ് വഹിക്കുന്നത്
    - ഉത്പന്നങ്ങൾ കൊണ്ടുപോകുന്നതിന് (ട്രാൻസ്പോർട്ടേഷൻ)
    - അടിയന്തിര ഘട്ടങ്ങളിൽ ഉത്പന്നങ്ങൾക്കുള്ള അഡ്വാൻസ് നൽകുന്നതിന്

**അപേക്ഷിക്കേണ്ട വിധം**

- നിർദ്ദിഷ്ട മാതൃകയിൽ (ഫോർമാറ്റ് അനുബന്ധം) അപേക്ഷ ജില്ലാമിഷനിൽ സമർപ്പിക്കേണ്ടതാണ്.
- ഓരോ ഗ്രൂപ്പും 6 മാസത്തേക്കുള്ള ആക്ഷൻ പ്ലാൻ അപേക്ഷയോടൊപ്പം സമർപ്പിക്കണം
- ഗ്രൂപ്പിന്റെ ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും അപേക്ഷയോടൊപ്പം വയ്ക്കണം

**അപേക്ഷ പരിശോധിക്കലും ഫണ്ട് അനുവദിക്കലും**

- എം.ഇ.സി പ്രൊമോഷൻ ഫണ്ട് അപേക്ഷ പരിശോധിക്കേണ്ടതിന്റെ ഉത്ത രവാദിത്തം ജില്ലാമിഷനിലുള്ള എം.ഇ.ടീമിനാണ്. അപേക്ഷ വിലയിരുത്തി ഗ്രൂപ്പിന് അംഗീകാരം നൽകേണ്ടതാണ്.
- പദ്ധതി അംഗീകാരം ലഭിച്ചിട്ടുള്ള ഗ്രൂപ്പുകൾക്ക് എഗ്രിമെന്റ് ഒപ്പിട്ട ശേഷം ജില്ലാമിഷൻ കോർഡിനേറ്റർ ബാങ്ക് അക്കൗണ്ടിലൂടെ നിശ്ചിത തുക അനു വദിക്കേണ്ടതാണ്. അനുവദിച്ച തുക രണ്ട് തുല്യ ഗഡുക്കളായിട്ടാണ് നൽകേണ്ടത്.
- ആദ്യഗഡു നൽകി 2 മാസത്തിന് ശേഷമേ രണ്ടാം ഗഡു നൽകാവൂ. രണ്ടാം ഗഡു നൽകുന്ന സമയത്ത് എം.ഇ.സി ഗ്രൂപ്പിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും രണ്ടാം ഗഡു ആവശ്യമുണ്ടോ എന്ന് പരിശോധിക്കുകയും വേണം.
- എം.ഇ.സി പ്രൊമോഷൻ ഫണ്ടിൽ അനുവദിച്ച് കൈമാറിയിട്ടുള്ള തുക ഒരു വർഷത്തിനുള്ളിൽ (ആദ്യ ഗഡു ലഭിച്ച തീയതി മുതൽ 6 മാസം) പൂർണ്ണമായി തിരിച്ചടയ്ക്കേണ്ടതാണ്.

**എം.ഇ.സി പ്രൊമോഷൻ ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ**

- ഗ്രൂപ്പ് അംഗങ്ങൾ സമർപ്പിക്കുന്ന അപേക്ഷ/ബഡ്ജറ്റ്, ബില്ലുകളും വൗച്ചറുകളും പ്രകാരം മാത്രമേ ആവശ്യമായ തുക അനുവദിക്കാവൂ. ചെലവ് ഏത് ഇനത്തിൽ എന്ന് പ്രത്യേകം പരാമർശിക്കണം.
- യഥാർത്ഥ ബില്ലുകളും വൗച്ചറുകളും യഥാസമയം ജില്ലാമിഷനിൽ സമർപ്പിച്ച് അക്കൗണ്ട് ക്രമീകരിക്കണം

- ധനവിനിയോഗത്തിന്റെ പൂർണ്ണ വിവരങ്ങൾ (ഓരോ എംഇസി ഗ്രൂപ്പും എന്താവശ്യത്തിനാണ് തുക ഉപയോഗിച്ചതെന്ന്) മാസാവസാനം ജില്ലാ മിഷന് കൈമാറേണ്ടതാണ്. പ്രസ്തുത രേഖകൾ ജില്ലാമിഷൻ വീഴ്ച കൂടാതെ വിലയിരുത്തേണ്ടതാണ്.

മേൽ സൂചിപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ എം.ഇ.സി പ്രൊമോഷൻ ഫണ്ട് വിനിയോഗത്തെ സംബന്ധിച്ചിട്ടുള്ളതാണെങ്കിലും എം..ഇ.സി ഗ്രൂപ്പിന്റെ പൊതുവായ സാമ്പത്തിക ഇടപാടുകൾക്ക് ഈ നിർദ്ദേശങ്ങൾ അനുസരിച്ച് നടപടിക്രമങ്ങൾ സ്വീകരിക്കാവുന്നതാണ്.

## എം.ഇ.സി പ്രൊമോഷൻ ഫണ്ട് അപേക്ഷാ മാതൃക

1. എം.ഇ.സി ഗ്രൂപ്പിന്റെ പേര്:
2. മേൽവിലാസം
3. ഫോൺ
4. ഇ–മെയിൽ
5. അഫിലിയേഷൻ നമ്പർ
6. അഫിലിയേഷൻ തീയതി
7. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ
8. സ്വരൂപിച്ചിട്ടുള്ള ഗ്രൂപ്പ് ഫണ്ടിന്റെ വിവരങ്ങൾ
    - 8.1. അംഗങ്ങളുടെ എണ്ണം
    - 8.2. ഗ്രൂപ്പ് ഫണ്ട് തുക
9. ആവശ്യമായ എം.ഇ.സി പ്രൊമോഷൻ ഫണ്ട് തുക

| | |
|---|---|
| ഒപ്പ് | ഒപ്പ് |
| പ്രസിഡന്റ് | സെക്രട്ടറി |

**സമർപ്പിക്കേണ്ട രേഖകൾ**

1. പ്രൊമോഷൻ ഫണ്ടിന് അപേക്ഷിക്കുവാൻ തീരുമാനിച്ച ഗ്രൂപ്പ് മീറ്റിംഗിന്റെ മിനിട്ട്സ് കോപ്പി
2. ഗ്രൂപ്പ് ഫണ്ട് നിക്ഷേപിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ്
3. അഫിലിയേഷനു ശേഷം പ്രവർത്തിച്ചിട്ടുള്ള സമയത്തിലെ എം.ഇ.സി ഗ്രൂപ്പിന്റെ വരവു ചെലവ് കണക്ക് (സ്വയം സാക്ഷ്യപ്പെടുത്തിയത്)
4. അടുത്ത 6 മാസത്തേയ്ക്കുള്ള ആക്ഷൻപ്ലാൻ

## എം.ഇ.സി പ്രൊമോഷൻ ഫണ്ട് എഗ്രിമെന്റ് മാതൃക

കുടുംബശ്രീ ........................... ജില്ലാ മിഷൻ കോ–ഓർഡിനേറ്ററും ........................ (എം.ഇ.സി ഗ്രൂപ്പിന്റെ പേര്, മേൽവിലാസം, അഫിലിയേഷൻ തീയതി, അഫിലിയേഷൻ നമ്പർ) ഗ്രൂപ്പിനെ പ്രതിനിധീകരിച്ച് അതിന്റെ പ്രസിഡന്റും തമ്മിൽ ................................ (തീയതി, മാസം, വർഷം) ഒപ്പിടുന്ന കരാർ.

**കരാർ വിഷയം**

കുടുംബശ്രീ മിഷന്റെ എം.ഇ.സി പ്രൊമോഷൻ ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായത്തിനായി ........................ (തീയതി, മാസം. വർഷം) ............... (എം.ഇ.സി ഗ്രൂപ്പിന്റെ പേര്) സമർപ്പിച്ച അപേക്ഷ ........................ ജില്ലാ മിഷൻ പരിശോധിക്കുകയും കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ............................. ഉത്തരവ് പ്രകാരം .......................... ഗ്രൂപ്പിന് രൂപ ....................... (തുക) എം.ഇ.സി പ്രൊമോഷൻ ഫണ്ടായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

- അനുവദിച്ചിട്ടുള്ള തുക രണ്ട് തുല്യ ഗഡുക്കളായി എം.ഇ.സി ഗ്രൂപ്പിന് അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നതാണ്.
- അനുവദിച്ച തുക എംഇസി അക്കൗണ്ടിൽ ലഭ്യമായി 6 മാസത്തിനുള്ളിൽ പൂർണ്ണമായും കുടുംബശ്രീ ജില്ലാ മിഷനിൽ തിരിച്ചടയ്ക്കുന്നതാണ്.
- 6 മാസത്തിനുള്ളിൽ തുക പൂർണ്ണമായി തിരിച്ചടച്ചിട്ടില്ല എങ്കിൽ എം.ഇ.സി ഗ്രൂപ്പിന്റെ അഫിലിയേഷൻ റദ്ദാക്കുന്നതിനും തുക തിരിച്ചു പിടിക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുവാനും ജില്ലാ മിഷൻ കോ–ഓർഡിനേറ്റർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
- എം.ഇ.സി പ്രൊമോഷൻ ഫണ്ടിൽ അനുവദിച്ചിട്ടുള്ള തുക വിനിയോഗിക്കുന്നത് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കും. മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി ഈ തുക ഉപയോഗിച്ചതായി തെളിഞ്ഞാൽ എം.ഇ.സി ഗ്രൂപ്പിന്റെ അഫിലിയേഷൻ റദ്ദാക്കുന്നതിനും തുക തിരിച്ചു പിടിക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുവാനും ജില്ലാ മിഷൻ കോ–ഓർഡിനേറ്റർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

- മാർഗ്ഗനിർദ്ദേശങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം റിപ്പോർട്ടുകളും കണക്കുകളും ജില്ലാ മിഷൻ കോ–ഓർഡിനേറ്റർക്ക് സമർപ്പിക്കുവാൻ എം.ഇ.സി ഗ്രൂപ്പ് ബാധ്യസ്ഥരാണ്.

| | |
|---|---|
| ഒപ്പ് | ഒപ്പ് |
| ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ | പ്രസിഡന്റ് |
| .......................... ജില്ല | ................................ എം.ഇ.സി ഗ്രൂപ്പ് |
| തീയതി | തീയതി |

സാക്ഷികൾ :

1.

2.

**അനുബന്ധം 2**

## കുടുംബശ്രീ മിഷന് ലഭ്യമാക്കുന്ന സേവനങ്ങൾക്കുള്ള വ്യവസ്ഥകൾ

| ക്രമ നമ്പർ | നിർദ്ദിഷ്ട ജോലി | ഫീസ്/വേതന നിരക്ക് | നൽകേണ്ടവർ |
|---|---|---|---|
| 1. | ജി.ഒ(റ്റി) – രണ്ടു ദിവസം | ക്ലാസ് ഒന്നിന് 500 രൂപ + യഥാർത്ഥ യാത്രാനിരക്ക് (എം.ഇ.സി ഗ്രൂപ്പിന് ഫാക്കൽറ്റി ഫീസായി) | ജില്ലാ മിഷൻ |
| 2. | ഇ.ഡി.പി ട്രെയിനിംഗ്– 5 ദിവസം (റസിഡൻഷ്യൽ) | ക്ലാസ് ഒന്നിന് 500 രൂപ + യഥാർത്ഥ യാത്രാനിരക്ക് പ്രതിദിനം (എം.ഇ.സി ഗ്രൂപ്പിന് ഫാക്കൽറ്റി ഫീസായി) | ,, |
| 3. | സ്കിൽ ട്രെയിനിംഗ് അനുബന്ധ സേവനങ്ങൾക്ക്) | പ്രതിദിനം 500/– രൂപ+ യഥാർത്ഥ യാത്രാനിരക്ക് | ,, |
| 4. | പ്രോജക്ട് തയ്യാറാക്കൽ<br>1. പ്രാദേശിക വിപണി സാധ്യതകളുടെ അടിസ്ഥാനത്തിൽ സാധ്യതാ പഠനം<br>2. ബിസിനസ് പ്ലാൻ തയ്യാറാക്കൽ<br>3. ബാങ്ക്, മറ്റു സ്ഥാപനങ്ങൾ ഇവയുമായി ബന്ധപ്പെട്ട് ധനസഹായം ലഭ്യമാക്കൽ<br>4. യന്ത്രോപാധികൾ, അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിന് സംരംഭകരെ സഹായിക്കൽ<br>5. ലൈസൻസ്, രജിസ്ട്രേഷൻ തുടങ്ങിയ നിയമപരമായ നടപടികൾക്കുള്ള സേവനം ലഭ്യമാക്കൽ | വ്യക്തിഗതം – 2000 രൂപ<br>ഗ്രൂപ്പ് –4000 രൂപ<br>മൊത്തം തുകയുടെ 50% – 1 മുതൽ 4 വരെയുള്ള ഘടകങ്ങൾ പൂർത്തിയാകുമ്പോൾ ഗുണഭോക്താക്കളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. ബാക്കി 50% 5–ാമത്തെ ഘടകം പൂർത്തിയാക്കുമ്പോൾ ജില്ലാ മിഷൻ ഉറപ്പുവരുത്തിയതിനു ശേഷം സംരംഭകരിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. | ഗുണഭോക്താക്കൾ |
| 5. | ഇന്നവേറ്റീവ് പ്രോജക്ട് തയ്യാറാക്കൽ<br>1. പ്രാദേശിക വിപണി സാധ്യതകളുടെ അടിസ്ഥാനത്തിൽ സാധ്യതാ പഠനം<br>2. ബിസിനസ് പ്ലാൻ തയ്യാറാക്കൽ<br>3. ബാങ്ക്, മറ്റു സ്ഥാപനങ്ങൾ ഇവയുമായി ബന്ധപ്പെട്ട് | 10,000/– രൂപ<br>(ആയതിന്റെ 50% – 1 മുതൽ 4 വരെയുള്ള ഘടകങ്ങൾ പൂർത്തിയാകുമ്പോൾ ഗുണഭോക്താക്കളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. ബാക്കി 50% 5,6 ഘടകങ്ങൾ പൂർത്തിയാക്കിയെന്ന് ജില്ലാ മിഷൻ ഉറപ്പുവരുത്തിയതിനു ശേഷം സംരംഭകരിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.) | ഗുണഭോക്താക്കൾ |

| | | | |
|---|---|---|---|
| | ധനസഹായം ലഭ്യമാക്കൽ<br>4. ഇന്നവേഷൻ ഫണ്ട് ലഭ്യമാക്കൽ<br>5. യന്ത്രോപാധികൾ, അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിന് സംരംഭകരെ സഹായിക്കൽ<br>6. ലൈസൻസ്, രജിസ്ട്രേഷൻ തുടങ്ങിയ നിയമപരമായ നടപടികൾക്കുള്ള സേവനം ലഭ്യമാക്കൽ | | |
| 6. | നിലവിലുള്ള സംരംഭങ്ങൾക്ക് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ഉപദേശങ്ങൾ നൽകൽ<br>1. ആവശ്യകതാ പഠനം<br>2. കണക്ക് ശരിപ്പെടുത്തൽ<br>3. ലൈസൻസ്, രജിസ്ട്രേഷൻ തുടങ്ങിയ നിയമപരമായ നടപടികൾക്കുള്ള സേവനം ലഭ്യമാക്കൽ<br>4. ബിസിനസ് കൗൺസിലിംഗ്<br>5. സാമ്പത്തിക സഹായം (ആർ.എഫ്, സി.എം.എഫ്, ടെക്നോളജി ഫണ്ട്, രണ്ടാം ഘട്ട ധനസഹായം ലഭ്യമാക്കൽ) | 1 മുതൽ 4 വരെയുള്ള സേവനങ്ങൾക്ക് 500 രൂപ<br>ആർ.എഫ് ലഭ്യമാക്കൽ – 2000/– രൂപ<br>ടെക്നോളജി ഫണ്ട് – 2000/– രൂപ<br>സി.എം.എഫ് – 500/– രൂപ<br>രണ്ടാം ഘട്ട ധനസഹായം – 5000/– രൂപ<br>ഇന്നവേഷൻ ഫണ്ട് – 1000/–<br>കണക്കെഴുത്ത് പരിശീലനം – 500/–<br>കണക്ക് ചിട്ടപ്പെടുത്തൽ – 500/–<br>ക്ലസ്റ്ററിംഗ് & നെറ്റ്വർക്കിംഗ് – 10,000/– | ജില്ലാമിഷൻ / ഗുണഭോക്താക്കൾ<br>ജില്ലാ മിഷൻ 6 മാസത്തെ ഹാന്റ് ഹോൾഡിംസ് സപ്പോർട്ട് നൽകുന്നതിനായി സിഡിഎസ്സുകൾ/സംരംഭങ്ങൾ അനുവദിക്കുന്ന മുറയ്ക്ക് പ്രസ്തുത തുക ജില്ലാ മിഷനും ഇതര സാഹചര്യങ്ങളിൽ ഗുണഭോക്താക്കളും നൽകേണ്ടതാണ്. |
| 7. | മാസച്ചന്തകളുടെ നടത്തിപ്പ് | മാസചന്തകളിൽ സംരംഭകർക്കു പകരമായി എംഇസി മാരുടെ സേവനം വിനിയോഗിക്കുകയാണെങ്കിൽ 8 മണിക്കൂർ സമയത്തേയ്ക്ക് 500 രൂപയും യഥാർത്ഥ യാത്രാനിരക്കും (പരമാവധി 5 പേർക്ക് – മാസചന്തയ്ക്ക്) നൽകേണ്ടതാണ്. എന്നാൽ 8 മണിക്കൂറിനു മുകളിൽ ഓരോ മണിക്കൂറിനും 100 രൂപ വീതം അധികം നൽകേണ്ടതാണ്. (പരമാവധി രാത്രി 10 മണി വരെ) | ജില്ലാ മിഷൻ / ഗുണഭോക്താക്കൾ<br>സംരംഭകരുടെ ആവശ്യപ്രകാരമാണ് എംഇസി മാസച്ചന്തയിൽ നിൽക്കുന്നതെങ്കിൽ ഇതിനുള്ള തുക ഗുണഭോക്താക്കൾ കമ്മീഷൻ വ്യവസ്ഥയിൽ എം.ഇ.സി.ക്ക് നൽകേണ്ടതാണ്. |

**എം.ഇ.സിമാർക്കുള്ള ഉത്തരവാദിത്വങ്ങളും സേവന നിരക്കുകളും നൽകുന്നതിന് താഴെപറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്**

1. **പരിശീലനങ്ങൾ**

   സംരംഭം ആരംഭിക്കുന്നതിനോടനുബന്ധിച്ച് നടത്തുന്ന ജി.ഒ.റ്റി, ഇ.ഡി.പി പരിശീലനങ്ങൾക്കും പി.ഐ.പി പരിശീലനത്തിനും ക്ലാസ് ഒന്നിന് 500 രൂപയും യഥാർത്ഥ യാത്രാനിരക്കും നൽകാവുന്നതാണ്. പ്രസ്തുത പരിശീലനങ്ങളുടെ ഏകീകരിച്ച മൊഡ്യൂൾ സംസ്ഥാന മിഷനിൽ നിന്നും ലഭ്യമാക്കും.

   ഗ്രാമ തൊഴിൽ വികസന മേഖലയിലെ കാര്യശേഷി വികസന പരിപാടി, ജി.ഒ.റ്റി, ഇ.ഡി.പി പരിശീനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉത്തരവ് നം.കെ.എസ്.എഫ്./6898/2009 പ്രകാരം തീയതി 9.6.2011 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചായിരിക്കണം പരിശീലനങ്ങൾ സംഘടിപ്പിക്കേണ്ടത്.

2. **പ്രോജക്ട് തയ്യാറാക്കൽ**

   പുതിയതായി സ്വയംതൊഴിൽ ആരംഭിക്കുവാൻ താൽപ്പര്യപ്പെടുന്ന സംരംഭകർക്ക് നിലവിലുള്ള പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. ഇതിനായി താഴെപറയുന്ന പിന്തുണ എം.ഇ.സി.മാർ സംരംഭകർക്ക് നൽകേണ്ടതാണ്.

   1. പ്രാദേശിക വിപണി സാധ്യതകളുടെ അടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കുക: അസംസ്കൃത വസ്തുക്കളുടെ ലഭ്യത, ഒരേ മേഖലയിൽ പദ്ധതി പ്രദേശത്ത് നിലവിലുള്ള സംരംഭങ്ങളുടെ എണ്ണം, വിപണനസാധ്യത എന്നിവയ്ക്ക് അനുസൃതമായിട്ടായിരിക്കണം സംരംഭങ്ങൾ കണ്ടെത്തേണ്ടത്. വിപണന സാധ്യതകൾ ഇല്ലാത്ത പദ്ധതികളാണെങ്കിൽ സംരംഭകരെ ബോധ്യപ്പെടുത്തി സാധ്യതയുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രേരിപ്പിക്കേണ്ടതാണ്.
   2. ബിസിനസ് പ്ലാനുകൾ തയ്യാറാക്കുക : സംസ്ഥാന മിഷനിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള ഫോർമാറ്റിന് അനുസൃതമായിട്ടായിരിക്കണം ബിസിനസ് പ്ലാനുകൾ തയ്യാറാക്കേണ്ടത്
   3. ബാങ്ക് ഇടപാടുകൾക്ക് പിന്തുണ നൽകുക: സിഡിഎസ് ചെയർപേഴ്സണും, സംരംഭകരുമായി ചേർന്ന് ബാങ്കിൽ നിന്നും ലോൺ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ

4. യന്ത്രോപാധികൾ, അസംസ്കൃത വസ്തുക്കൾ എന്നിവ ലഭ്യമാക്കുന്നതിന് സംരംഭകരെ സഹായിക്കൽ : പദ്ധതിക്ക് അനുയോജ്യമായ യന്ത്രസാമഗ്രികൾ എന്തൊക്കെയാണ്, എവിടെ ലഭ്യമാകും, വില തുടങ്ങിയ കാര്യങ്ങൾ സംരംഭകരെ ബോധ്യപ്പെടുത്തി അസംസ്കൃത വസ്തുക്കൾ കുറഞ്ഞ ചെലവിൽ വാങ്ങുന്നതിനാവശ്യമായ സഹായം ലഭ്യമാക്കൽ.
5. ലൈസൻസ്, രജിസ്ട്രേഷൻ തുടങ്ങിയ നിയമപരമായ നടപടികൾ : ഓരോ സംരംഭത്തിനും ആവശ്യമായ നിയമപരമായ ലൈസൻസുകൾ, രജിസ്ട്രേഷൻ എന്നിവ എടുക്കുന്നതിനുള്ള സഹായം ലഭ്യമാക്കേണ്ടതാണ്.

പുതിയതായി ആരംഭിക്കുന്ന മൈക്രോ സംരംഭങ്ങൾക്ക് ഇത്തരത്തിലുള്ള സേവനം ലഭ്യമാക്കുന്നതിന് വ്യക്തഗത പ്രോജക്ടിന് 2000 രൂപയും ഗ്രൂപ്പ് പ്രോജക്ടുകൾക്ക് 4000 രൂപയും നൽകേണ്ടതാണ്. മേൽ പ്രദിപാദിച്ച സേവനങ്ങൾ ലഭ്യമാക്കിയെങ്കിൽ മാത്രമേ പ്രസ്തുത തുകയ്ക്ക് എം.ഇ.സിക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ. അതിനാൽ 1 മുതൽ 4 വരെയുള്ള ഘടകങ്ങൾ ആദ്യഘട്ടമായും 5 സംരംഭം ആരംഭിച്ച് 3 മാസത്തിനകം നടപ്പിലാക്കേണ്ടതുമാണ്. പ്രസ്തുത തുകയുടെ 50% 1 മുതൽ 4 വരെയുള്ള ഘടകങ്ങൾ പൂർത്തീകരിച്ചതിനു ശേഷം എം.ഇ.സി.ക്ക് നൽകേണ്ടതും 5–ാംമത്തെ ഘടകം പദ്ധതി നടപ്പിലാക്കിയതിനു ശേഷം ബാക്കി 50% ലഭ്യമാക്കേണ്ടതുമാണ്. ഇത് ജില്ലാ മിഷൻ യൂണിറ്റ് സന്ദർശിച്ച് ഫലം ഉറപ്പാക്കിയതിനു ശേഷം വേണം ലഭ്യമാക്കാൻ.

3. **ഇന്നവേറ്റീവ് പ്രോജക്ട് തയ്യാറാക്കൽ**

നൂതന പദ്ധതികൾ ആരംഭിക്കുന്നതിന് എം.ഇ.സി.ക്ക് 10,000/– ഫീസായി നൽകേണ്ടതാണ്. മുകളിൽ പ്രതിപാദിച്ച അത്രയും സേവനങ്ങൾ ഇവിടെയും എം.ഇ.സി ലഭ്യമാക്കേണ്ടതാണ്. ഇത് ജില്ലാ മിഷൻ ഉറപ്പുവരുത്തേണ്ടതാണ്.

4. **നിലവിലുള്ള സംരംഭങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ**

ഹാന്റ് ഹോൾഡിംഗ് സപ്പോർട്ട് : സംരംഭ നടത്തിപ്പുമായി ബന്ധപ്പെട്ട് യൂണിറ്റുകളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും വിലയിരുത്തി അനുയോജ്യമായ സേവനം പ്രദാനം ചെയ്യേണ്ടതാണ്. യൂണിറ്റുകളുടെ കണക്ക് ശരിപ്പെടുത്തൽ, നിയമപരമായ ലൈസൻസിംഗ്, രജിസ്ട്രേഷൻ തുടങ്ങിയ ലഭ്യമാക്കൽ, ബിസിനസ് കൗൺസിലിംഗ്, യൂണിറ്റുകൾക്കാവശ്യമായ മൂലധനം ലഭ്യമാക്കൽ (ആർ.എഫ്, ടെക്നോളജി

ഫണ്ട്, സി.എം.എഫ്, രണ്ടാംഘട്ട ധനസഹായം തുടങ്ങിയവ) എന്നിവ യഥാസമയം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം എം.ഇ.സിമാർ നടത്തേണ്ടതാണ്. ഈ സേവനങ്ങൾക്കുള്ള പ്രതിഫലം എം.ഇ.സി. ഗ്രൂപ്പ്, സംരംഭകരിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. എന്നാൽ ജില്ലാ മിഷൻ ആവശ്യപ്പെട്ടതനുസരിച്ചാണ് എം.ഇ.സിമാർ പ്രവർത്തിക്കുന്നതെങ്കിൽ ഈ തുക ജില്ലാ മിഷൻ നൽകേണ്ടതാണ്.

- **റിവോൾവിംഗ് ഫണ്ട്** – സിഡിഎസ് തലത്തിൽ സംരംഭ യോഗം വിളിച്ചു ചേർക്കുകയും റിവോൾവിംഗ് ഫണ്ടിനർഹതയുള്ള യൂണിറ്റിനെ കണ്ടെത്തേണ്ടതുമാണ്. റിവോൾവിംഗ് ഫണ്ടിനർഹമായ യൂണിറ്റുകളുടെ പട്ടിക സിഡിഎസ് തലത്തിൽ ലഭ്യമാക്കുകയും യൂണിറ്റുകൾക്ക് അപേക്ഷകൾ പൂർപ്പിച്ച് നൽകി യഥാസമയം ഫണ്ട് ലഭ്യമാക്കേണ്ടതാണ്. ഇതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ജില്ലാമിഷന് ഫണ്ട് ലഭ്യമായി 3 മാസത്തിനകം നൽകേണ്ടതാണ്. ഇതിനുള്ള സേവന നിരക്കായി 2000/– രൂപ എം.ഇ.സി.ക്ക് നൽകേണ്ടതാണ്.
- **ടെക്നോളജി ഫണ്ട്** – നിലവിലുള്ള സംരംഭങ്ങൾക്ക് വിപണിയുടെ ആവശ്യകതയ്ക്കനുസരിച്ച് നവീന യന്ത്ര സാമഗ്രികൾ ലഭ്യമാക്കേണ്ടതാണ്. ഇതിനായി സിഡിഎസ് തലത്തിൽ സംരംഭക യോഗങ്ങൾ നടത്തി അനുയോജ്യമായ യൂണിറ്റുകളുടെ പട്ടിക ജില്ലാമിഷന് നൽകേണ്ടതാണ്. സംരംഭങ്ങൾക്കാവശ്യമായ ബാങ്ക് ലോൺ ക്വാട്ടേഷൻ വിളിക്കൽ, പദ്ധതി തയ്യാറാക്കൽ തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങൾ നടത്തി സബ്സിഡിയും ടെക്നോളജി ഫണ്ടും യഥാസമയം യൂണിറ്റുകൾക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഫണ്ടിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ജില്ലാമിഷന് 3 മാസത്തിനുള്ളിൽ നൽകേണ്ടതാണ്. ഇതിന് എം.ഇ.സി.മാർക്ക് 2000/– രൂപ നൽകേണ്ടതാണ്.
- **ഇന്നവേഷൻ ഫണ്ട്**
- **ക്രൈസിസ് മാനേജമെന്റ് ഫണ്ട്** – ജില്ലാമിഷൻ അനുവദിച്ച് നൽകിയിട്ടുള്ള സിഡിഎസ്സുകളിൽ സംരംഭങ്ങൾ സന്ദർശിച്ച് അവയ്ക്കാവശ്യമായ ധനസഹായം എം.ഇ.സി.മാർ ലഭ്യമാകകുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രവർത്തന മൂലധനത്തിന്റെ അഭാവം വിപണന സഹായം എന്നിവ ലഭ്യമാക്കുന്നതിന് യൂണിറ്റുകൾക്ക് ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്

യഥാസമയം ലഭ്യമാക്കണം. ഇതിന് 500/- രൂപ എം.ഇ.സി.യ്ക്ക് നൽകേണ്ടതാണ്.

- **രണ്ടാംഘട്ട ധനസഹായം** – നിലവിൽ പ്രവർത്തനരഹിതമായതോ പ്രവർത്തനമാന്ദ്യം നേരിടുന്നതോ ആയ സംരംഭങ്ങൾക്ക് രണ്ടാംഘട്ട ധനസഹായം ലഭ്യമാക്കുന്നതിനുള്ള സേവനം എം.ഇ.സി.മാർ നടത്തേണ്ടതാണ്. സംരംഭങ്ങൾ സന്ദർശിച്ച് യൂണിറ്റിലെ നിലവിലെ അവസ്ഥ ജില്ലാമിഷന് സമർപ്പിക്കണം. വിപണി സാധ്യതയ്ക്കനുസൃതമായി നൂതന പദ്ധതികൾ കണ്ടെത്തി ബിസിനസ്സ് പ്ലാനുകൾ തയ്യാറാക്കി ബാങ്ക് ലോണിനും ഇതര സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുമുള്ള നടപടി എം.ഇ.സി.മാർ സ്വീകരിക്കേണ്ടതാണ്. രണ്ടാംഘട്ട ധനസഹായം ലഭ്യമായി സംരംഭം 3 മാസത്തിനകം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ജില്ലാമിഷന് നൽകേണ്ടതാണ്. ഇതിനായി 5000/- രൂപ എം.ഇ.സി.മാർക്ക് നൽകേണ്ടതാണ്.
- **അക്കൗണ്ടിംഗ് പരിശീലനം** – കണക്കെഴുത്ത് ചിട്ടപ്പെടുത്തുന്നതിന്റെ ഭാഗമായി ആവശ്യമായ സംരംഭങ്ങൾക്ക് കണക്കെഴുത്ത് പരിശീലനം എം.ഇ.സി.മാർ നൽകേണ്ടതാണ്. ഇതിന് സംരംഭം ഒന്നിന് 500/- രൂപ സേവന നിരക്കായി നൽകേണ്ടതാണ്.
- **കണക്ക് ചിട്ടപ്പെടുത്തൽ** – സംരംഭങ്ങളുടെ കണക്ക് ചിട്ടപ്പെടുത്തലിന്റെ ഭാഗമായി ആവശ്യമായ സംരംഭങ്ങൾക്ക് 3 മാസത്തിലൊരിക്കൽ കണക്കുകൾ ചിട്ടപ്പെടുത്തി നൽകാവുന്നതാണ്. ഇതിന് സംരംഭം 1 ന് 500/- രൂപ നിരക്കിൽ എം.ഇ.സി.മാർക്ക് ഓണറേറിയമായി നൽകേണ്ടതാണ്.
- **ക്ലസ്റ്ററിംഗ് & നെറ്റ്വർക്കിംഗ്** – ഒരേ തരത്തിലുള്ള സംരംഭങ്ങൾക്ക് ആവശ്യമായ പിന്തുണാ സഹായം ലഭ്യമാക്കുന്നതിന് ക്ലസ്റ്ററിംഗ് & നെറ്റ്വർക്കിംഗ് നടത്തേണ്ടത് അനിവാര്യമാണ്. ഇതിന് അനുയോജ്യമായ സംരംഭങ്ങൾ കണ്ടെത്തി ആവശ്യമായ സഹായങ്ങൾ – സ്ഥലം, കെട്ടിടം കണ്ടെത്തൽ, അനുയോജ്യമായ മെഷിനറി കണ്ടെത്തൽ, സംരംഭത്തിന് ആവശ്യമായ ലൈസൻസിംഗ്, ധനസഹായം ലഭ്യമാക്കൽ, ബ്രാന്റിംഗ് തുടങ്ങി 6 മാസത്തെ ഹാൻഡ്ഹോൾഡിംഗ് നടത്തുന്നതിന് ഓണറേറിയമായി 10,000/- രൂപ നൽകേണ്ടതാണ്. ഇത് ഘട്ടംഘട്ടമായി വേണം നൽകാൻ.

5. **മാസച്ചന്തകളുടെ നടത്തിപ്പ്**

ജില്ലാതലത്തിലോ സംസ്ഥാനതലത്തിലോ നടത്തുന്ന മാസച്ചന്തകളിൽ എം.ഇ.സിമാരുടെ സേവനം ലഭ്യമാക്കേണ്ടുന്ന അവസരങ്ങളിൽ മിഷൻ ഓണറേറിയം നൽകേണ്ടതാണ്. എന്നാൽ സി.ഡി.എസ്സുകളുടെയോ ഗുണഭോക്താക്കളുടെയോ ആവശ്യപ്രകാരമാണ് എം.ഇ.സിമാർ ചന്തകളുടെ നടത്തിപ്പിൽ പങ്കെടുക്കുന്നതെങ്കിൽ സിഡിഎസ്സുമായി കൂടിയാലോചിച്ച് ഗുണഭോക്താക്കളിൽ നിന്നും കമ്മീഷൻ വ്യവസ്ഥയിൽ പ്രതിഫലം ലഭ്യമാക്കേണ്ടതാണ്. മാസച്ചന്തകളിൽ എം.ഇ.സിമാരുടെ സേവനം ലഭ്യമാക്കുന്നതിന് സേവനതുകയായി 500 രൂപ (8 മണിക്കൂർ നേരത്തേയ്ക്ക്) നൽകേണ്ടതാണ്. എന്നാൽ 8 മണിക്കൂറിനു മുകളിൽ ഒരു എം.ഇ.സി.യുടെ സേവനം ലഭ്യമാക്കുകയാണെങ്കിൽ അധികം നിൽക്കുന്ന ഓരോ മണിക്കൂറിനും 100 രൂപ വീതം അധിക തുകയായി നൽകേണ്ടതാണ്. (പരമാവധി രാത്രി 10 മണി വരെ)

മേൽ പ്രതിപാദിച്ചതിനു പുറമേ ഏതെങ്കിലും സേവനത്തിനായി എം.ഇ.സിമാരെ നിയോഗിക്കുകയാണെങ്കിൽ അതിനുള്ള തുക അതാത് സമയങ്ങളിൽ സംസ്ഥാന മിഷൻ നിർണ്ണയിച്ച് അറിയിക്കുന്നതാണ്.

## നിർദ്ദിഷ്ട ജോലികളിൽ നിർവ്വഹിക്കേണ്ട ചുമതലകൾ

1. **ജി.ഒ.റ്റി**

- വിവിധ തരത്തിലുള്ള തൊഴിൽ മേഖലകളിൽ പങ്കെടുക്കുവാൻ താല്പര്യം ഉള്ളവർക്കുള്ള പൊതു അവബോധന പരിപാടി നടത്തുക എന്നതാണ് ജനറൽ ഓറിയെന്റേഷൻ ട്രെയിനിംഗ് (ജി.ഒ.റ്റി) കൊണ്ട് അർത്ഥമാക്കുന്നത്.
- തൊഴിൽ ചെയ്യാൻ താൽപ്പര്യമുള്ളവരെയും, സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനാഗ്രഹിക്കുന്നവരെയും കണ്ടെത്തി അവരുടെ അഭിരുചിക്കനു സ്യതമായി പ്രോത്സാഹിപ്പിക്കുക.
- പ്രാദേശികമായുള്ള തൊഴിൽ സാധ്യതകളെക്കുറിച്ച് അവബോധമുണ്ടാക്കു കയും അതുവഴി കൂടുതൽ മുന്നേറ്റം തൊഴിൽമേഖലയിൽ ഉണ്ടാക്കിയെടു ക്കുകയും ചെയ്യുക.
- താൽക്കാലിക നേട്ടങ്ങൾ ആഗ്രഹിക്കുന്നവർക്കുപകരം യഥാർത്ഥ സംരംഭക രെയും വിജയസാധ്യത ഉറപ്പുവരുത്താൻ കഴിയുന്ന സംരംഭങ്ങളെയും കണ്ടെത്തി പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുക

- ജി.ഒ.റ്റി. പൂർത്തിയാകുന്ന മുറയ്ക്ക് അവരെ ഏറ്റവും യോഗ്യമായ തൊഴിൽ മേഖല ഏതെന്ന് തെരഞ്ഞെടുക്കുന്നതിന് സഹായിക്കുകയും മേഖല തിരിച്ചുള്ള പരിശീലനം നൽകുകയും ചെയ്യുക

2. ഇ.ഡി.പി

- ❖ സംരംഭകൻ/സംരംഭകയെന്ന തിരിച്ചറിവിലൂടെ സ്ഥിരവരുമാനം ഉറപ്പാക്കുന്നതോടൊപ്പം അധികവരുമാനം നേടുന്നതിന് പരിശീലനാർത്ഥികളെ പ്രാപ്തരാക്കുക.
- ❖ തൊഴിലിനോടുള്ള പ്രതിബദ്ധതയും കൂട്ടുത്തരവാദിത്തങ്ങളും അംഗങ്ങളിൽ ഉളവാക്കുക.
- ❖ സാമ്പത്തിക ഇടപാട് സുതാര്യമാക്കുന്നതിന് ആവശ്യംവേണ്ട രേഖകളും, രജിസ്റററുകളും തയ്യാറാക്കുന്നതിന്റെ പ്രസക്തി ബോദ്ധ്യപ്പെടുത്തുക.
- ❖ സംരംഭത്തിന്റെ നിലനില്പിനാവശ്യമായ സംഘടനാ സംവിധാനം ശക്തിപ്പെടുത്തുക
- ❖ യൂണിറ്റ് അംഗങ്ങളുടെ സംഘനേതൃത്വശേഷി, ആശയവിനിമയശേഷി, എന്നിവ വർദ്ധിപ്പിക്കുക
- ❖ യൂണിറ്റിന്റെ കാര്യക്ഷമത ഉറപ്പ് വരുത്തുക
- ❖ വ്യക്തമായ ബിസിനസ്സ് പ്ലാൻ തയ്യാറാക്കി അതിനനുസൃതമായ രീതിയിൽ പ്രവർത്തിക്കുവാൻ സംരംഭകരെ സജ്ജരാക്കുക
- ❖ മികച്ച ധനകാര്യ വിശകലനത്തിന്റെ ആവശ്യകത സംരംഭകരിൽ എത്തിക്കുക

3. പ്രോജക്ട് തയ്യാറാക്കൽ

- ❖ കുടുംബശ്രീ മിഷൻ അംഗീകരിച്ചിട്ടുള്ള മാതൃകയിലാവണം പ്രൊജക്ട് തയ്യാറാക്കേണ്ടത്.
- ❖ സംരംഭങ്ങൾ ദീർഘകാലയളവിൽ ലാഭകരമായി മുന്നോട്ടുകൊണ്ടുപോകുന്നതിനു വേണ്ടുന്ന എല്ലാ ഘടകങ്ങളും പ്രോജക്ടിൽ ഉണ്ട് എന്ന് ഉറപ്പുവരുത്തുക
- ❖ അതാത് സംരംഭകരുടെ കഴിവിനും അഭിരുചിക്കും അനുസൃതമായ സംരംഭമാണോ സംരംഭകർ തെരഞ്ഞെടുത്തിരിക്കുന്നത് എന്നും ഉറപ്പുവരുത്തുക
- ❖ പ്രോജക്ട് റിപ്പോർട്ട് ഓരോ സംരംഭത്തിനും വെവ്വേറെ തയ്യാറാക്കുക
- ❖ ഒരേ മേഖലയിലുള്ള സംരംഭമാണെങ്കിൽപ്പോലും ഗുണഭോക്താക്കളുടേയും, പ്രദേശത്തിന്റേയും, പ്രോജക്ട് തുകയുടേയും മറ്റും പ്രത്യേകത അനുസരിച്ച്

ഓരോ പ്രോജക്ടും വ്യത്യസ്തമായിരിക്കും. അതിനാൽ ഒരേ പ്രോജക്ട് കോപ്പി തന്നെ പല സംരംഭകർക്ക് ഉപയോഗിക്കുന്ന പ്രവണത ഉണ്ടാകരുത്. ഇങ്ങനെ ആവർത്തിക്കപ്പെടുന്ന പ്രോജക്ട് കോപ്പി ജില്ലാമിഷൻതന്നെ റദ്ദാക്കേണ്ടതാണ്. **ഇത്തരത്തിൽ സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് എംഇസി ഗ്രൂപ്പിൽ നിന്നും 1000 രൂപ പിഴ ഈടാക്കേണ്ടതാണ്.**

- സംരംഭത്തിന്റെ ഓരോ ഘട്ടത്തിലും എന്തൊക്കെ മാറ്റങ്ങളാണ് വരുത്തേണ്ടത് എന്നും എന്തൊക്കെ പിന്തുണാ സഹായങ്ങൾ ലഭ്യമാക്കണമെന്നും പ്രോജക്ടിൽ പ്രതിപാദിക്കണം.
- സംരംഭകർ നിർദ്ദേശിക്കുന്ന ബിസിനസ് ഗ്രൂപ്പുകാർക്ക്/വ്യക്തിക്ക് അനുയോജ്യമല്ല എന്ന് എം.ഇ.സിമാർക്ക് തോന്നിയാൽ വ്യക്തമായ കാരണങ്ങൾ നിരത്തി അവരെ മെച്ചപ്പെട്ട മറ്റൊരു സംരംഭം തുടങ്ങാൻ പ്രേരിപ്പിക്കേണ്ട ബാധ്യതയും എം.ഇ.സി ഗ്രൂപ്പിന്റേതാണ്.

**4. എം.ഇ മോണിറ്ററിംഗ് / ഹാന്റ്ഹോൾഡിംഗ്**

- സംരംഭം പ്രവർത്തനം ആരംഭിച്ച് 3 മാസം മുതൽ 6 മാസം വരെ പ്രസ്തുത എം.ഇ.സി ഗ്രൂപ്പിന്റെ സേവനം സംരംഭത്തിന് ലഭ്യമാക്കണം
- ഈ പ്രാരംഭഘട്ട പിന്തുണാ സംവിധാനത്തിൽ മൃഗസംരക്ഷണ മേഖലയിലുള്ള സംരംഭകർക്ക് 3 മാസം വരെ മാസത്തിൽ ഒരു സന്ദർശനവും ഉത്പാദന മേഖലയിലെ സംരംഭകർക്ക് 6 മാസം വരെ മാസത്തിൽ ഒരു സന്ദർശനവും ഉറപ്പുവരുത്തേണ്ടതാണ്. യൂണിറ്റുകൾക്ക് അതിനു ശേഷം വേണ്ടി വരുന്ന സന്ദർശനങ്ങൾക്ക് അതാത് യൂണിറ്റുകൾ തന്നെ ഫീസ് നൽകേണ്ടതാണ്.
- ഈ അവസരത്തിൽ സംരംഭം തുടങ്ങുമ്പോൾ ഉണ്ടാകാൻ സാധ്യതയുള്ള പ്രശ്നങ്ങൾ, പ്രതിസന്ധികൾ എന്നിവ സംരംഭകരെ പറഞ്ഞു മനസ്സിലാക്കി സംരംഭം ലാഭകരമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് അവരെ പിന്തുണയ്ക്കുക.
- മൃഗസംരക്ഷണ മേഖലയിലുള്ള സംരംഭകർ ആട്/പശു/കോഴി തുടങ്ങിയവ വാങ്ങിയെന്ന് ഉറപ്പുവരുത്തുകയും പ്രസ്തുത വകുപ്പിലെ വിദഗ്ധരുടെ സഹായം ലഭ്യമാക്കുകയും ചെയ്യുക
- ഉത്പാദന മേഖലയിലെ സംരംഭകർക്ക് ചെലവു കുറച്ച് മെച്ചപ്പെട്ട രീതിയിൽ ഉത്പാദനം നടത്തുന്നതിനും ഗുണമേന്മ ഉറപ്പുവരുത്തി വിപണിയിൽ സ്ഥാനം കണ്ടെത്തുന്നതിനും ദീർഘകാലയളവിൽ സംരംഭം ലാഭകരമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുമുള്ള പിന്തുണാ സഹായം ഈ ഘട്ടത്തിൽ ലഭ്യമാക്കേണ്ടതുണ്ട്.

- ❖ പ്രസ്തുത സേവനം സംരംഭകർക്ക് ലഭ്യമായി എന്ന് സംരംഭകർ സാക്ഷ്യപ്പെടുത്തിയത് സി.ഡി.എസ് ചെയർപേഴ്സൺ അംഗീകരിച്ച് ജില്ലാ മിഷന് നൽകേണ്ടതാണ്.

**5. ഇന്നവേറ്റീവ് പ്രോജക്ട്**

- ❖ ഇത്തരം പ്രോജക്ട് തയ്യാറാക്കുമ്പോൾ ഒരു പ്രോജക്ട് രൂപീകരണത്തിൽ പാലിക്കേണ്ട എല്ലാ നിയമങ്ങളും ഇതിനും ബാധകമാണ്.
- ❖ അതിനു പുറമേ പ്രസ്തുത പ്രോജക്ട് പുതുമയുള്ളതും ആ പ്രദേശത്തിനും സംരംഭകർക്കും ചേർന്നതാണ് എന്നും പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണ്.

**6. സംരംഭങ്ങൾക്കുള്ള വിവിധ കുടുംബശ്രീ പദ്ധതികൾ**

- ❖ നിലവിലുള്ള സംരംഭങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുക.
- ❖ ആർ.എഫ്, സി.എം.എഫ്, രണ്ടാംഘട്ട ധനസഹായം, ടെക്നോളജി ഫണ്ട്, ഇന്നവേഷൻ ഫണ്ട് തുടങ്ങിയ സാമ്പത്തിക പിന്തുണാസഹായങ്ങൾ ജില്ലാമിഷനിൽ നിന്നും അർഹരായവർക്ക് ലഭ്യമാക്കുക.
- ❖ സി.ഡി.എസ് ആക്ഷൻപ്ലാനിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തേയും സംരംഭകർക്ക് ജില്ലാ മിഷന്റെ ഭാഗത്തു നിന്നും നൽകാൻ കഴിയുന്ന ആനുകൂല്യങ്ങൾ കൃത്യമായി രേഖപ്പെടുത്തി സി.ഡി.എസ്സിന്റെ പ്രാതിനിധ്യത്തിൽ സംരംഭകർക്ക് ലഭ്യമാക്കിക്കൊടുക്കുക
- ❖ ആനുകൂല്യങ്ങൾ ലഭ്യമാക്കിയ സംരംഭകരുടെ റിപ്പോർട്ട് സി.ഡി.എസ്സിനും ജില്ലാ മിഷനും നൽകേണ്ടതാണ്

**7. സ്കിൽ ട്രെയിനിംഗ് / പി.ഐ.പി ഫെസിലിറ്റേഷൻ**

- ❖ രണ്ടു തരത്തിലുള്ള സേവനങ്ങളാണ് ഈ സംവിധാനത്തിൽ എം.ഇ.സി.മാർക്ക് നൽകാവുന്നത്.
  - o ജില്ലാ മിഷൻ നടത്തുന്ന സ്കിൽ ട്രെയിനിംഗ്/പി.ഐ.പി പരിശീലനത്തെ പിന്തുണയ്ക്കുക
  - o മറ്റു സ്ഥാപനങ്ങളിൽ പരിശീലനാർത്ഥികളെ പിന്തുണയ്ക്കുക
- ❖ ജില്ലാ മിഷൻ നടത്തുന്ന പരിശീലനങ്ങളിൽ പരിശീലനാർത്ഥികളുടെ രജിസ്ട്രേഷൻ, വിവരശേഖരണം തുടങ്ങി ജില്ലാമിഷൻ ചുമതലപ്പെടുത്തുന്ന എല്ലാ ജോലികളും നിർവ്വഹിക്കുക
- ❖ പരിശീലനാർത്ഥികളെ മറ്റു സ്ഥാപനങ്ങളിൽ വിദഗ്ധ പരിശീലനത്തിന് അയയ്ക്കുമ്പോൾ അവിടത്തെ പരിശീലനത്തെ വിലയിരുത്തുകയും പരിശീലനാർത്ഥികൾക്ക് വേണ്ട സഹായം കൊടുക്കുകയും ചെയ്യുക

- ഓരോ പരിശീലന സെന്ററിലും രണ്ട് സന്ദർശനം പരിഗണിക്കാവുന്നതാണ്

**8. ബിസിനസ്സ് കൗൺസിലിംഗ്**

- ഇത്തരം സേവനങ്ങൾ ഒരു സംരംഭ പ്രവർത്തനത്തിന്റെ വിവിധ ഘട്ടങ്ങളിൽ ലഭ്യമാക്കേണ്ടതാണ്
- പ്രാരംഭഘട്ടത്തിൽ, ഒരു സംരംഭം തുടങ്ങി 3 മാസം കഴിയുമ്പോൾത്തന്നെ സംരംഭം നിലവിൽ നേരിടുന്ന പ്രശ്നങ്ങൾ, ഉത്പ്പന്നത്തിന്റെ ചെലവിനങ്ങൾ, സംരംഭത്തിന്റെ ലാഭം തുടങ്ങിയ കാര്യങ്ങൾ പുനപരിശോധിക്കുകയും ആവശ്യമുള്ള മേഖലയിൽ ഇടപെടൽ നടത്തി സംരംഭം മെച്ചപ്പെട്ട രീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് സഹായിക്കേണ്ടതുമാണ്
- കൂടാതെ, ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ എം.ഇ അവലോകനം നടത്തുന്നതിന് മുൻകൈ എടുക്കുകയും അതിലൂടെ സംരംഭ പ്രശ്നങ്ങൾ മനസ്സിലാക്കുകയും അതത് മേഖലകളിൽ വേണ്ട കൗൺസിലിംഗ് നടത്താനുള്ള സംവിധാനവും ഉണ്ടാക്കുക

**9. കണക്കു ചിട്ടപ്പെടുത്തൽ**

- ഓരോ യൂണിറ്റിലും ഓരോ വർഷത്തേയും പി & എൽ സ്റ്റേറ്റ്മെന്റ് യൂണിറ്റ് അടിസ്ഥാനത്തിലും ഉത്പ്പന്ന അടിസ്ഥാനത്തിലുമുള്ള വരവ് ചെലവ് കണക്കുകൾ ചിട്ടപ്പെടുത്തൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുക തുടങ്ങിയ കാര്യങ്ങൾക്കുള്ള പിന്തുണാസഹായം ലഭ്യമാക്കേണ്ടതാണ്

**10. അസംസ്കൃത വസ്തുക്കളുടെ ശേഖരണം.**

- പൊതു സ്വഭാവമുള്ള സംരംഭകർക്ക് കുറഞ്ഞ ചെലവിൽ അസംസ്കൃത വസ്തുക്കൾ ശേഖരിച്ച് കൊടുക്കേണ്ടതാണ്.
- ഒരുമിച്ച് അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന്റെ ഉപയോഗം സംരംഭകരെ മനസിലാക്കേണ്ടതാണ്.

**11. പ്രോജക്ട് ക്ലിനിക്**

ഇ.ഡി.പി പരിശീലന മോഡ്യൂൾ രണ്ട് ഘട്ടങ്ങളായാണ് നടത്തിവരുന്നത്. ആദ്യഘട്ട പരിശീലനം മൂന്ന് ദിവസവും രണ്ടാംഘട്ട പരിശീലനം രണ്ടു ദിവസവുമായാണ് നടത്തിവരുന്നത്. പ്രോജക്ട് ക്ലിനിക് രണ്ടാംഘട്ട പരിശാലന മോഡ്യൂളിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രോജക്ടിന്റെ രൂപീകരണവും വിലയിരുത്തലും വിവിധ പ്രവർത്തനങ്ങളുടെ ഏകോപനവുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

**അനുബന്ധം 3**

## എം.ഇ.സി ഗ്രൂപ്പ് അഫിലിയേഷന് ജില്ലാ മിഷന് സമർപ്പിക്കേണ്ട അപേക്ഷയുടെ മാതൃക

1. ജില്ല :
2. ഗ്രൂപ്പിന്റെ പേര് :
3. മേൽവിലാസം :
4. ഫോൺ നമ്പർ :
5. ഇ–മെയിൽ :
6. അംഗങ്ങളുടെ എണ്ണം :
7. പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ വിവരങ്ങൾ (പേര്, മേൽവിലാസം, ഫോൺ, ഇ–മെയിൽ)
8. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ
9. ഗ്രൂപ്പിന്റെ പ്രവർത്തന മേഖലയിൽ ഉൾപ്പെടുത്താൻ താൽപ്പര്യപ്പെടുന്ന ബ്ലോക്കുകൾ / ഗ്രാമപഞ്ചായത്ത് / നഗരസഭ സംബന്ധിച്ച വിവരങ്ങൾ
10. അപേക്ഷയോടൊപ്പം നൽകേണ്ട രേഖകൾ

10.1. ഗ്രൂപ്പംഗങ്ങളുടെ വിവരങ്ങൾ

| ക്രമ നമ്പർ | പേര് | മേൽവിലാസം ഫോൺ, ഇ–മെയിൽ | വിദ്യാഭ്യാസ യോഗ്യത, പങ്കെടുത്തിട്ടുള്ള പരിശീലനങ്ങൾ (സംരംഭ വികസന മേഖലയിൽ) | എം.ഇ.സി. യായി പ്രവർത്തനം ആരംഭിച്ച തീയതി | എം.ഇ.സി.യായി പ്രവർത്തിച്ചിട്ടുള്ള സി.ഡി.എസ്സുകൾ |
|---|---|---|---|---|---|
| | | | | | |

10.2. ഗ്രൂപ്പംഗങ്ങൾ തമ്മിലുള്ള ആന്തരിക ഉടമ്പടിയുടെ കോപ്പി (അനുബന്ധം 5 ൽ പരാമർശിച്ച പ്രകാരം)

11. ഗ്രൂപ്പ് ഫോട്ടോ

**അനുബന്ധം 4**

## എം.ഇ.സി ഗ്രൂപ്പ് അഫിലിയേഷൻ സർട്ടിഫിക്കറ്റിന്റെ മാതൃക (ജില്ലാമിഷന്റെ ലെറ്റർഹെഡിൽ നൽകേണ്ടത്)

.............................. ( എം.ഇ.സി ഗ്രൂപ്പിന്റെ പേര്) ഗ്രൂപ്പിന് ........................ ജില്ലയിലെ സൂക്ഷ്മ സംരംഭ പിന്തുണാ സംരംഭം എന്ന നിലയിൽ അഫിലിയേഷൻ നൽകുന്നു.

1. എം.ഇ.സി ഗ്രൂപ്പിന്റെ പേര്
2. മേൽവിലാസം
3. ഫോൺ
4. ഇ-മെയിൽ
5. അഫിലിയേഷൻ നമ്പർ
6. അഫിലിയേഷൻ തീയതി
7. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ
8. പ്രസിഡന്റിന്റെ പേരും മേൽവിലാസവും
9. സെക്രട്ടറിയുടെ പേരും മേൽവിലാസവും
10. ഗ്രൂപ്പിന്റെ പ്രവർത്തന മേഖല (ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത്/നഗരസഭ)

**ഒപ്പ്**

**ജില്ലാമിഷൻ കോ-ഓർഡിനേറ്റർ**

**അനുബന്ധം 5**

## എം.ഇ.സി ഗ്രൂപ്പിലെ അംഗങ്ങൾ തമ്മിലുള്ള ആന്തരിക ഉടമ്പടിയുടെ ഫോർമാറ്റ്

ഈ ഉടമ്പടി .................... ൽ (തീയതി) നിലവിൽ വരുന്നതും ............. (ഗ്രൂപ്പിന്റെ പേര്). ഗ്രൂപ്പിലെ ............ (അംഗങ്ങളുടെ എണ്ണം) അംഗങ്ങൾ തമ്മിലുള്ള ആന്തരിക പരസ്പര ഉടമ്പടിയുമായിരിക്കും. ഈ ഉടമ്പടിയിൽ പങ്കെടുക്കുന്ന അംഗങ്ങൾ

1. ശ്രീ/ശ്രീമതി/കുമാരി ................................ എന്ന ഞാൻ ..................... എന്ന വ്യക്തിയുടെ ഭാര്യ / മകൾ ആയിരിക്കുന്നതും നിലവിൽ .................... വയസ് പൂർത്തിയായ വ്യക്തിയുമാണ്. ഞാൻ ........... വർഷങ്ങളായി ...................... എന്ന പഞ്ചായത്തിൽ സ്ഥിര താമസമാണ് എന്ന് ഇതിനാൽ പ്രസ്താവിച്ചു കൊള്ളുന്നു.
2. ശ്രീ/ശ്രീമതി/കുമാരി ................................ എന്ന ഞാൻ ..................... എന്ന വ്യക്തിയുടെ ഭാര്യ / മകൾ ആയിരിക്കുന്നതും നിലവിൽ .................... വയസ് പൂർത്തിയായ വ്യക്തിയുമാണ്. ഞാൻ ........... വർഷങ്ങളായി ...................... എന്ന പഞ്ചായത്തിൽ സ്ഥിര താമസമാണ് എന്ന് ഇതിനാൽ പ്രസ്താവിച്ചു കൊള്ളുന്നു.
3. ശ്രീ/ശ്രീമതി/കുമാരി ................................ എന്ന ഞാൻ ..................... എന്ന വ്യക്തിയുടെ ഭാര്യ / മകൾ ആയിരിക്കുന്നതും നിലവിൽ .................... വയസ് പൂർത്തിയായ വ്യക്തിയുമാണ്. ഞാൻ ........... വർഷങ്ങളായി ...................... എന്ന പഞ്ചായത്തിൽ സ്ഥിര താമസമാണ് എന്ന് ഇതിനാൽ പ്രസ്താവിച്ചു കൊള്ളുന്നു.

..
..
..
20.

എന്ന എല്ലാവരും തന്നെ ........................ എന്ന ഗ്രൂപ്പിലുള്ള അംഗങ്ങളാണെന്നും ഇതിനാൽ (എം.ഇ.സി ഗ്രൂപ്പ് സംരംഭം) ................... ഗ്രൂപ്പ് എന്ന് അറിയപ്പെടുകയും ചെയ്യുന്നതാണ്. ഈ ഗ്രൂപ്പിലെ അംഗങ്ങൾ എല്ലാവരും പരസ്പരം അടുത്തറിയുന്നവരാണെന്നും ഇതിനാൽ പ്രസ്താവിച്ചുകൊള്ളുന്നു. ഈ ഗ്രൂപ്പിലെ അംഗങ്ങളായ ഞങ്ങൾ സ്വമനസ്സാലെ എം.ഇ.സി ഗ്രൂപ്പ് ആരംഭിക്കുന്നതിനായും അതേത്തുടർന്നുള്ള നേട്ടങ്ങൾ താഴെപ്പറയുന്ന നിബന്ധനകൾക്കനുസരണമായി അംഗങ്ങളുടെ പൊതുവായ ക്ഷേമത്തിനു വേണ്ടി മാറ്റി വയ്ക്കുകയും ചെയ്യുന്നതാണ്.

**പൊതുവായ നിബന്ധനകൾ**

1. ഈ ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും ഗ്രൂപ്പ് സംരംഭത്തിനു വേണ്ടി ................... തുക വിഹിതമായി നൽകുന്നതാണ്.
2. എല്ലാ അംഗങ്ങളും ഈ സംരംഭത്തിന്റെ പരിപൂർണ്ണ വിജയത്തിനായി അക്ഷീണം പരിശ്രമിക്കുകയും ഒരുതരത്തിലും സംരംഭത്തിന്റെ വളർച്ചയ്ക്ക് കോട്ടം തട്ടുന്ന രീതിയിൽ പ്രവർത്തിക്കുകയില്ല എന്ന് ഇതിനാൽ ഉറപ്പുനൽകുന്നു
3. എല്ലാ അംഗങ്ങളും സൂക്ഷ്മ സംരംഭത്തിന്റെ കടബാധ്യതകളും മറ്റുത്തരവാദിത്വങ്ങളും തുല്യമായി ഏറ്റെടുക്കുന്നതായിരിക്കും.
4. സംരംഭത്തിനോട് ബന്ധപ്പെട്ട എല്ലാവിധ വസ്തുവകകളും മറ്റു സാധനങ്ങളും (നീക്കാൻ പറ്റുന്നതും അല്ലാത്തതും) സംരംഭത്തിലെ എല്ലാവർക്കും തുല്യമായി അവകാശപ്പെട്ടതായിരിക്കുകയും എന്നാൽ ഇതിന്റെ നടത്തിപ്പ് ചുമതലകൾ അംഗങ്ങൾ തെരഞ്ഞെടുക്കുന്ന ഒരാളിൽ (പ്രസിഡന്റ്/സെക്രട്ടറി) പരിപൂർണ്ണമായി നിക്ഷിപ്തമായിരിക്കുകയും ചെയ്യുന്നതാണ്.
5. സൂക്ഷ്മ സംരംഭത്തിന്റെ ദൈനംദിന ചുമതലകളും, മറ്റുള്ള ചുമതലകളും വിജയകരമായി നിർവ്വഹിക്കുന്നതിനായി ഗ്രൂപ്പംഗങ്ങളെ പൊതു തെരഞ്ഞെടുപ്പിലൂടെ തെരഞ്ഞെടുക്കാവുന്നതാണ്. ഈ അംഗങ്ങളെ ഭൂരിപക്ഷ വോട്ടെടുപ്പിലൂടെ മാത്രമേ അവരുടെ ചുമതലകളിൽ നിന്നും ഒഴിവാക്കാൻ പാടുള്ളൂ.
6. യൂണിറ്റിലെ എല്ലാ അംഗങ്ങളും തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളെ /ചുമതല വഹിക്കുന്ന അംഗങ്ങളുടെ സ്ഥാനങ്ങളെ ബഹുമാനിക്കുകയും സംരംഭത്തിന്റെ വളർച്ചയ്ക്കായുള്ള തീരുമാനങ്ങളിൽ പരിപൂർണ്ണ പങ്കാളിത്തം കാണിക്കേണ്ടതുമാണ്.
7. എല്ലാ ചുമതലപ്പെട്ട അംഗങ്ങളും അവരവർക്കായി തീരുമാനിക്കപ്പെട്ട ചുമതലകൾ സത്യസന്ധമായും, പരിപൂർണ്ണ ഉത്തരവാദിത്വത്തോടെയും നിർവ്വഹിക്കേണ്ടതാണ്.
8. എല്ലാ യൂണിറ്റംഗങ്ങളുടേയും പൊതുവായ അംഗീകാരമില്ലാതെ താൽക്കാലികമായോ, സ്ഥിരമായോ പുതിയ അംഗങ്ങളെ ചേർക്കാൻ പാടുള്ളതല്ല.
9. ഈ ഉടമ്പടി പ്രകാരം മരണപ്പെട്ട ഒരു ഗ്രൂപ്പംഗത്തിന്റെ ലാഭവിഹിതമോ കടബാധ്യതകളോ ചുമതലപ്പെട്ട അനന്തരാവകാശി നിർബന്ധമായും ഏറ്റെടുക്കേണ്ടതാണ്.
10. ഏതെങ്കിലും ഗ്രൂപ്പ് അംഗങ്ങൾ ഗ്രൂപ്പിൽ നിന്നും പോവുകയാണെങ്കിൽ പോകുന്ന വ്യക്തിയുടെ ലാഭവിഹിതം / ബാധ്യത കണക്കാക്കി ഗ്രൂപ്പ് അംഗത്തിന് നൽകുകയോ ഈടാക്കുകയോ ചെയ്യുന്നതാണ്. എന്നാൽ ലാഭവിഹിതം കണക്കാക്കുമ്പോൾ റിസർവ്വ് ഫണ്ടിന്റെ ഓഹരി കണക്കാക്കുന്നതല്ല.

ഈ ഉടമ്പടി ലംഘിക്കുകയോ, വീഴ്ചവരുത്തുകയോ ചെയ്യുന്ന അംഗങ്ങൾക്കെതിരെ നിയമപരമായി നടപടി സ്വീകരിക്കപ്പെടാവുന്നതാണ്. അതിനാൽ ഈ ഉടമ്പടി ഞങ്ങൾ പൂർണ്ണമായും മനസിലാക്കുകയും അംഗീകരിക്കുകയും സ്വമനസാലെ പങ്കെടുക്കുകയും ചെയ്യുന്നു.

| അംഗങ്ങളുടെ പേര് | ഒപ്പ്/വിരലടയാളം |
|---|---|
| 1)…………………….. | ………………….. |
| 2)……………………..... | …………………... |
| 3)……………………. | ………………….. |
| .. | |
| .. | |
| .. | |
| 20)……………………. | …………………... |

**സാക്ഷികൾ**

| സാക്ഷികളുടെ പേര് | ഒപ്പ്/വിരലടയാളം |
|---|---|
| 1) ……………………. | …………………... |
| 2) ……………………. | …………………... |